ജ്വാല....

# എ.എം.എം.ഹൈസ്കൂൾ കരവാളൂർ




little KITEs



# ജ്വാല

# എഡിറ്റോറിയൽ ബോർഡ്



## ഉള്ളടക്കം

ചരിത്രത്തിൻറ ഏട്ടുകളിൽനിന്നും..........7
മധുര വിദ്യാലയം..........11
അമ്മ .......... 13
പരസ്യങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ..........14
എന്റെ നാട്..........17
ഒൻവി.......... 18
കുറച്ച സംസാരിക്കാം കൂടുതൽ കേൾക്കാം..........21
മാതൃസ്നേഹം..........23
ഓടി ഒളിക്കരുത് ഒരിക്കലും..........25
കുസൃതി ചോദ്യങ്ങൾ15..........27
നഷ്ടമാകുന്ന ഓർമ്മകൾ..........29
ജഡായു എർത്ത് സെൻറർ..........31
സ്വപ്നജീവി..........34
നിഴൽ കാഴ്ചകൾ..........37
കേരളം വൃദ്ധസദനത്തിൽ..........39
അനാദത്വം..........41
വായനയുടെ പ്രാധാന്യം..........42
പ്രകൃതിയുടെ രചയ്താക്കൾ..........44
പഴമൊഴികൾ..........46
ഓർമ്മച്ചെപ്പിലെ ജീവിതപാഠങ്ങൾ..........48
ഓർമ്മക്കായി..........51
ആധുനിക സമൂഹത്തിൽ സ്ത്രീ സുരക്ഷിതയോ..........54
വെള്ളമിനി തിന്നാം..........56
നിഴലിൻറ കരങ്ങൾ..........59
സമയത്തിൻറ സദുപയോഗം..........63
ചില നവോദ്ധാന ചിന്തകൾ..........65
അധ്യാപനം എന്ന കല..........68
സ്വപ്നം ദൃശ്യ വിസ്മയം..........69
ചിത്ര ജാലകം..........71
എ.എം.എച്ച് എസ്സ് ക്യാമറ കണ്ണിലൂടെ..........72
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-19..........74
നന്ദി..........75

# ആമുഖം



കഴിഞ്ഞ ഏഴ് ദശാബ്ദക്കാലമായി കരവാളൂർ എ.എം.എം.ഹൈസ്കൂൾ പൊതു വിദ്യാഭ്യാസരംഗത്ത് വേറിട്ട സാനിദ്ധ്യമായി നിലകൊള്ളുന്നു. വിദ്യാഭ്യാസരംഗത്തിൽ വന്നിട്ടുള്ള നവീന മാതൃകകളും ആധുനിക സാങ്കേതിക വിദ്യകളും ഉൾക്കൊണ്ട് സ്കൂളിന്റെ പാഠ്യപഠ്യേതരപ്രവർത്തനങ്ങൾ മികവുറ്റ താക്കാൻ നമ്മുടെ സ്കൂൾ എന്നും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ക്ലാസ്മുറികൾക്കകത്തും പുറത്തും കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഈ സ്കൂളിൽ പ്രോൽസാഹനം നൽകുന്നു.ഈ വർഷം ഡിജിറ്റൽ സാങ്കേതികവിദ്യയുടെവൻ കുതിച്ചു ചാട്ടം തന്നെയാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗത്തുണ്ടായത്. വിദ്യാലയങ്ങളിലെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പുതിയ മുഖം നൽകി മികവുറ്റതാക്കാൻ ഇത് സഹായിച്ചു എന്നുള്ളതിൽ സംശയമില്ല. നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ ശ്രമഫലമായി മികവാർന്ന സൃഷ്ടികൾ കോർത്തിണക്കിക്കൊണ്ട് ഒരു സ്കൂൾ മാഗസിൻ തയ്യാറാക്കാൻ സാധിച്ചു എന്ന് അറിയിക്കുന്നതിൽ ഞാൻ അങ്ങേയറ്റം അഭിമാനിക്കുന്നു. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളുടെ സഹായത്തോടു കൂടി ഡിജിറ്റൽ മാഗസിൻ ആയി ചിട്ടപ്പെടുത്തിയിരിക്കുന്നു. സസന്തൊഷം ഈ

# ജ്വാല....

മാഗസ്സിൻ വിദ്യാർഥി സമൂഹത്തിന് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ ചീഫ് എഡിറ്റർ

കെ ജി തോമസ്സ് (ഹെഡ് മാസ്റ്റർ)

# ചരിത്രത്തിന്റെ ഏടുകളിൽ നിന്നും



സുജാ.പി.മാത്യു
[സിനിയർഅസിസ്റ്റന്റ്]

കരവാളൂർ ബഥേൽ മർത്തോമ്മാ ഇടവകക്കാരുടെ ശ്രമഫലമായി അഞ്ചൽ-പുനലൂർ റോഡരികിൽ കരവാളൂർ ജംഗ്ഷനിൽ ഒരു കെട്ടിടം പണിയാൻ സാധിച്ചു. ധ്യാനയോഗങ്ങളും സുവിശേഷ പ്രസംഗങ്ങളും നടത്തി വന്നിരുന്ന ഈ കെട്ടിടത്തിൽ ഒരു സ്കൂൾ നടത്തുവാൻ 1951-ൽ ആലോചനനടന്നു. ഡോ. യൂഹാനോൻ മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമേനിയും, മാത്യൂസ് മാർ അത്താനോസ്യോസ് തിരുമേനിയും അതിനുവേണ്ട നടപടികൾ സ്വീകരിച്ചു. 1951 ജൂലൈ 2-ാം തീയതി കോർപ്പറേറ്റ് മാനേജരുടെ അധീനതയിൽ ഒരു അപ്പർപ്രൈമറി സ്കൂൾ ആരംഭിച്ചു.ശ്രീ.വൈ.കുഞ്ഞ് ആക്കിംഗ് ഹെഡ്മാസ്റ്ററായി രണ്ടുവർഷംപ്രവർത്തിച്ചു. സാറിന്റെ പ്രവർത്തനം പ്രശംസനീയവും മാതൃകാപരവും ആയിരുന്നു.

1981-ൽ ഈ യു.പി.സ്കൂൾ ഒരു ഹൈസ്കൂളാക്കി ഉയർത്താൻ ശ്രമങ്ങൾ ആരംഭിച്ചു. ബഥേൽ മാർത്തോമ്മാ ഇടവകാംഗങ്ങളുടേയും നാട്ടുകാരുടെയും

ആഭ്യുദയകാംക്ഷികളുടെയും സ്വപ്നമായിരുന്ന പദ്ധതിക്കുവേണ്ടിരൂപംകൊണ്ട് കമ്മിറ്റി ഭദ്രാസനാധിപൻ അഭിവന്ദ്യ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത രക്ഷാധികാരിയും, വികാരി ജനറൽ വെരി.റവ.എ.എ. പൈലി പ്രസിഡന്റും ശ്രീ.മാത്തൻ.ഇ.റ്റി വർക്കിംഗ് പ്രസിഡന്റും, ശ്രീ.ജി.കിരിയാൻ എന്നിവർ വിവിധ കൺവീനർമാരും, റവ.ടി. ശാമുവേൽ, ശ്രീ.എം.ജോൺ, ശ്രീ.കെ. കുഞ്ഞപ്പൻ, ശ്രീ.ജേക്കബ്, കെ.തോമസ്, ശ്രീ.കൊച്ചുകോശി ഫിലിപ്പ്, ശ്രീ.വൈ. പാപ്പച്ചൻ, ശ്രീ.കെ.വൈ.ജോൺകുട്ടി, ശ്രീ.സി.റ്റി.ശാമുവേൽ തുടങ്ങിയവർ കമ്മറ്റി അംഗങ്ങളും ആയിരുന്നു. അപ്ഗ്രേഡിംഗ് കമ്മിറ്റിയുടേയും പഞ്ചായത്തുമെമ്പർ ആയിരുന്ന ശ്രീ.കെ.വൈ. ജോസഫ് കുട്ടിയുടെയും പി.റ്റി.എ. പ്രസിഡന്റ്മാരായിരുന്ന ശ്രീ.ആർ. രാജൻ, ശ്രീ.കെ.രാമചന്ദ്രൻ നായർ എന്നിവരുടേയും നിരന്തരമായ നിവേദനങ്ങൾ, കൂടിക്കാഴ്ചകൾ എന്നിവയുടെ ഫലമായി ശ്രീ.സാം ഉമ്മൻ എം.എൽ.എയുടെ സഹായത്തോടെ വിദ്യാഭ്യാസമന്ത്രി ശ്രീ.ടി.എം. ജേക്കബ് 1984 ഒക്ടോബർ 30 ന് എ.എം.എം.യു.പി.സ്കൂൾ എബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ഹൈസ്കൂളായി പ്രഖ്യാപിച്ചു.

നിലവിലുണ്ടായിരുന്ന ഒന്നരയേക്കർ പുരയിടത്തോടൊപ്പം 152 സെന്റ് സ്ഥലംകൂടി വാങ്ങി സ്കൂൾ ഗ്രൗണ്ട് രൂപീകരിച്ചു. ഹൈസ്കൂൾ ക്ലാസ്സുകൾക്ക് ആവശ്യമായ ക്ലാസ്സ്മുറികളും ഫർണീച്ചറുകളും നിർമ്മിച്ചു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ പഠനോപകരണങ്ങൾ ക്രമീകരിച്ചു. ശ്രീ.എം.ജോൺ ഹൈസ്കൂളിന്റ് ആദ്യ ഹെഡ് മാസ്റ്ററായി ചാർജ്ജ് എടുത്തു. അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനങ്ങൾ ആദ്യകാലം മുതലേ സ്കൂളിനെപ്രശസ്തിയിലേക്ക് ഉയർത്തിയിരുന്നു.ശ്രീ.ജോൺ സാറിനേയും സഹപ്രവർത്തകരേയും നന്ദിയോടെ ഓർക്കുന്നു.

തുടർന്ന് സ്കൂൾ ഗ്രൗണ്ട് ഒരു മിനിസ്റ്റേഡിയമാക്കി രൂപപ്പെടുത്തി 36 മുറികളുള്ള പുതിയ മൂന്ന് നിലകെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുകയും വിവിധ കാലഘട്ടങ്ങളിലായി 8 ക്ലാസ്സ് മുറികളും, കമ്പ്യൂട്ടർ ലാബ് എന്നിവയും പണിയുന്നതിനു കഴിഞ്ഞു. ഡോ.കെ.പി. ചന്ദ്രശേഖരൻനായർ യു.എസ്.എ തന്റെ പിതാവായ ശ്രീ.പരമേശ്വരൻ ബി.എ.യുടെ ഓർമ്മയ്ക്കായി ഒരു സയൻസ് ലാബ് പണിത് നൽകുകയുണ്ടായി. കരവാളൂർ

## ജ്വാല....

മാർത്തോമ്മാ ഇടവക ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനു വേണ്ടിയുള്ള കെട്ടിടവും പണിതുനൽകി. ഇതിനു സഹായിച്ച ഹെഡ്മാസ്റ്റർ ശ്രീ.വർഗ്ഗീസ് മാത്യു, ഇടവകാംഗങ്ങൾ, നാട്ടുകാർ എന്നിവരെ നന്ദി പുരസ്സരം സ്മരിക്കുന്നു. തുടർന്ന്, ചുമതലയേറ്റ പ്രഥമാധ്യാപകൻ എല്ലാവരും സ്കൂളിന്റെ പുരോഗതി കാലാകാലങ്ങളിൽ മെച്ചപ്പെടുത്തുവാനും പഠനനില വാര ത്തിലും കലാകായിക രംഗങ്ങളിൽ ഉന്നത സ്ഥാനങ്ങൾ കൈവരിക്കുന്ന തിനും അക്ഷീണം പ്രയത്നിച്ചു. കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കു ന്നതിനായി അധ്യാപകർ ഒരു ബസ്സ് വാങ്ങി സ്കൂളിന് നൽകി.ബഥേൽ മാർത്തോമ്മാ ഇടവകാംഗങ്ങൾ സ്കൂൾ കെട്ടിടത്തിന്റെ മൂന്നാം നില പ്ലസ്ടുവിന് വേണ്ടി ക്ലാസ്സ് മുറികൾ തിരിക്കുന്നതിന് 1 ലക്ഷം രൂപ നൽകി.ഓരോ അവസരങ്ങളിൽ ഇടവകാംഗങ്ങൾ നൽകുന്ന കൈതാങ്ങ ലുകൾ സ്നേഹപൂർവ്വം ഓർക്കുന്നു.

മുൻപത്തെ പ്രഥമ അധ്യാപികയായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സുജാ ജോർജ്ജ് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റി പുതിയത് പണിതുണർത്തി ഇതിനായി രാജ്യ സഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ. കുര്യൻ എം.പിയുടെ പ്രാദേശിക ഫണ്ടിൽ നിന്നും 10 ലക്ഷംരൂപ അനുവദിച്ചു. ഈ തുകയോടൊപ്പം

## ജ്വാല....

അദ്ധ്യപകരും അഭ്യുദയകാംക്ഷികളും നൽകികതുകയും പുതിയ ഓഫീസ് സമുച്ചയ നിർമ്മാണത്തിന് ഉപയോഗിച്ചു. ശ്രീ.പി.ജെ.കുര്യൻ എം.പിയോടുള്ള നന്ദി അറിയിക്കുന്നു. കൂടാതെ ശ്രീമതി സുജാ ജോർജ്ജ് ടീച്ചറുടെ നേതൃത്വപാടവും വിസ്മരിക്കാനാവുന്നില്ല.

ഒരു ചെറിയ യു.പി സ്കൂളായി പ്രവർത്തനം ആരംഭിച്ച് അദ്ധ്യാപകരും അനദ്ധ്യാപകരും മലയാളം, ഇംഗ്ലീഷ് മീഡിയങ്ങളിലാ യി ഡിവിഷനുകളും 1000 ത്തിൽപരം വിദ്യാർത്ഥകളും അഭ്യസനം നടത്തുന്ന ഈ സ്കൂൾ പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഏറെ ദൂരം മുന്നിൽ നിൽക്കുന്ന ഒരു ഹൈസ്കൂളായി പ്രവർത്തിച്ചു വരുന്നു. കരവാളൂർ പ്രദേശത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിക്ക് ചുക്കാൻ പിടിക്കുന്ന ഈ വിദ്യാലയത്തെ ഉന്നതിയിലേക്ക് നയിച്ച പ്രഥമാധ്യാപകർ, അധ്യാപകർ, അനധ്യാപകർ, രക്ഷകർത്താക്കൾ, പി.റ്റി.എ.അംഗങ്ങൾ, മാനേജ്മെന്റ്, ബഥേൽ മാർത്തോമ്മാ ഇടവക വികാരിമാർ, അംഗങ്ങൾ, നട്ടുകാർ,മറ്റ് അഭ്യുദയ കാംക്ഷികൾ എന്നിവർക്കും ഉപരിയായി സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കട്ടെ.........................

# മധുര വിദ്യാലയം





അഷ്വിനി.എസ്.കുമാർ
8 C

ഒരു വ്യക്തിയുടെ വ്യക്തിത്യത്തിന്റെ കണ്ടെത്തുന്ന ഉറവിടമാണ് വിദ്യാലയം. ഒരു കുട്ടിയിൽ നിന്നും അവനെ പൗരനാക്കുന്നത് വിദ്യാലയമാണ്. ഒരുകുട്ടി തന്റെ വിദ്യാലയജീവിതത്തിൽനിന്നാണ് അവന്റെ ആദ്യ പടി ചവിട്ടി മുന്നേറുന്നത്. വിദ്യാലയമാണ് ഓരോ കുട്ടിക്കും സൗഹൃദമെന്ന ബന്ധത്തെ പകർന്നു തരുന്നത്.വിദ്യാലയമാണ് ഒരു കുട്ടി ആരാകണമെന്നും എന്താകണമെന്നും പഠിപ്പിച്ചു നൽകുന്നത്. ജീവിതത്തിൽ ലക്ഷ്യബോധം എന്നത് ഒരു അത്യാവിശകടഘമാണ്. അത് നാം മനസ്സിലാക്കുന്നത് വിദ്യാലയത്തിൽ നിന്നാണ്. വിദ്യാലയ മാണ് പറഞ്ഞ് തരുന്നത് "വിദ്യ അത് എത്ര പഠിച്ചാലും ബാക്കിയുള്ളതാണ് "ഒരോ കുട്ടിയും വിദ്യാലയത്തിൽ നിന്നാണ് തന്റെ കഴിവിനെ വളർത്തിയെടുക്കുന്നത് . വിദ്യാലയത്തിൽ നിന്നുമാണ് നാം മുതിർന്നവരെ ബഹുമാനിക്കാനും മാതാപിതാക്കളെ അനുസരിക്കാനും പഠിക്കുന്നത്. അതുപോലെ അദ്ധ്യാപകരാണ് സമൂഹത്തിന്റെ ഗുണങ്ങളും ദോഷങ്ങളും പിന്നെ സമൂഹത്തോട് നാം എങ്ങനെ

# ജ്വാല....

പെരുമാറണമെന്നും പഠിപ്പിക്കുന്നത്. വിദ്യാലയമാണ് നമ്മെ നല്ല സൗഹൃദം തിരഞ്ഞെടുക്കാൻ പഠിപ്പിക്കുന്നത്. നല്ലതെന്ത് ചീത്തയെന്ത് എന്ന് നമ്മെ ബോധവൽക്കരിച്ച് തിരഞ്ഞെടുക്കുവാനുള്ള പ്രാപ്തിനേടിതരുന്നത്. വിദ്യാലയത്തിൽ നിന്നാണ് കലാസാഹിത്യരംഗങ്ങളിലും കായികമത്സ രങ്ങളിലും മികവുകാട്ടാൻ നമ്മുക്ക് അവസരം ലഭിക്കുന്നു. വിദ്യാലയമാണ് നമ്മുക്ക് ആത്മധൈര്യവും, ആത്മവിശ്വാസവും നൽക്കുന്നത്. പേടി യില്ലാതെ എന്തിനെക്കുറിച്ചും വാചാലരാകാൻ നമ്മെ വിദ്യാലയം സഹായിക്കുന്നു. ഈ ലോകത്ത് എന്തെങ്കിലും തിരിച്ചുകിട്ടാത്തതായി ഉണ്ടെങ്കിൽ അത് വിദ്യാലയജീവിതമാണ്. വിദ്യാലയം ഒരാളുടെതല്ല ഒരു ജനതയുടെ മുഴുവൻ പ്രതീക്ഷയാണ്.

"വിദ്യാലയസുഖ അനുഭവിക്കാത്താവർ ജീവിതസുഖം അനുഭവിച്ചിട്ടില്ല"

# അമ്മ...



ഫെബിന

9 സി



അമ്മയില്ലാതെ സ്നേഹമുണ്ടോ ?
അമ്മയാണ് സ്നേഹം,
സ്നേഹമാണ് അമ്മ.

വാത്സല്യത്തിൻ ഉറവിടം.
അമ്മയാണ്  ദൈവം.
അമ്മയെ ശാസിക്കരുത്.

സ്നേഹത്തിൻ നിധിയാണ് അമ്മ.
സ്നേഹത്തിന്റെ ദൈവമാണ് അമ്മ.
ഭൂമിയിലെ ദേവതയാണ് അമ്മ.
സ്നേഹമാണ് അമ്മ.

കാറ്റിന്റെ താളമാണ് അമ്മ
തിരയുടെ അലയാണ് അമ്മ
മഴയുടെ സ്വരമാണ് അമ്മ
ശബ്ദത്തിന്റെ തരംഗമാണ് അമ്മ

## പരസ്യങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ



റിയ ജെ എസ്
9 C

ഇന്നത്തെ സമൂഹത്തേ സീരിയലുകളേയും സിനിമകളേയും എല്ലാം ഉപരി സ്വാധീനിക്കുന്നത് പരസ്യങ്ങളാണ് .പരസ്യങ്ങളുടെ സ്വധീനവലയത്തിൽ വീണ് അവയിൽ അകപ്പെട്ട്കഴി യുന്ന വിദ്യർത്ഥികളിൽ പൂരിഭാഗവും അവയുടെ അടിമകളായിത്തീരുന്നു. അവ പ്രദർശിക്കപ്പെടുന്ന രീതിയിൽ മുഴുകിയ നാം ആ ഉൽപ്പന്നം വാങ്ങാൻ പ്രേരിപ്പിക്കപെടുന്നു ഇങ്ങനെ നിരന്തരമായ ഈ സ്വാധീനം നമ്മെ ആകർഷിച്ച് എന്നന്നേക്കുമായി അവയിൽ അടിമപ്പെടുത്തുന്നു .

ഒരു പരസ്യപ്രേമി ഒരു ഹെൽമെറ്റിൽ ആകർഷിതനായി അതു വാങ്ങാൻ തയ്യാറെടുത്തു ആ തയ്യാറെടുപ്പിന്നുള്ളകാരണം 'ഒരിക്കലും അപകടം' സംഭവിക്കാത്ത ഹെൽമെറ്റ് എന്നായിരുന്നു. അങ്ങനെ അയാൾ അത് വാങ്ങി. രണ്ട് ദിവസ്സത്തിനകം അയാൾ ഒരു അപകടത്തിൽ മരണമടഞ്ഞു. അങ്ങനെ അദ്ദേഹം വിദികർത്താവിന്റെ മുമ്പിൽ ചാർത്തി.സ്വർഗ്ഗമോ നരകമോ ഏതും നിനക്ക് തിരഞ്ഞെടുക്കാം എന്ന് വിധികർത്താവ് അവനോടുപറഞ്ഞു. അവൻ രണ്ടുഭാഗത്തെയും പ്രതിനിദികൾ അവനെ സ്ക്രീന്ൽ സ്വർഗ്ഗവും

## ജ്വാല....

നരഗ്ഗവും കാണിച്ചു. സ്വർഗ്ഗം നരച്ചത്തും പ്രകാശമില്ലാത്തതുമായിരുന്നു അിടെ കുറെസന്ന്യാസിമാർ ധ്യാനിക്കുന്നു. നരകമോ എല്ലാവരും കുടിച്ച്കൂത്താടി സന്തോഷമായി നടക്കുന്നു. അവൻ നരകംതിരഞ്ഞെടുക്കാൻ തീരുമാനിച്ചു. അങ്ങനെ അവിടെ ചെന്നെത്തിയ അവന് കാണാൻ കഴിഞ്ഞത് ദയനിയമായ ആളുകളുടെ അവസ്ഥ ഇങ്ങനെയല്ലല്ലോ നിങ്ങളെകാണിച്ചത് എന്ന് പറഞ്ഞപ്പോൾ നിങ്ങൾ കണ്ടത് ഞങ്ങളുടെ പരസ്യമായിരുന്നു. എന്നാണ് അവർ പറഞ്ഞത്.

ഇതുപോലെയാണ് നമ്മളും. വിദ്യാർത്ഥികളായ നമ്മൾ ഗുണനിലവാരമോ ദോഷഗുണങ്ങളോ നോക്കാതെ അവ അംഗീകരിക്കാൻ തയ്യാറാകുന്നു. വെളുക്കാൻതേച്ചത് പാണ്ടാകുമെന്ന പഴമോഴി നമ്മളിൽ പ്രാവർത്തികമാകുമ്പോഴാണ്. അതിന്റെ ഗുണനിലവാരത്തെക്കുറിച്ച് നാം ചിന്തിക്കുക. പെൺകുട്ടികളുടെ കാര്യം എടുക്കുകയാണെങ്കിൽ അവർക്ക് പ്രത്യേകിച്ച സൗന്ദര്യ വസ്തുക്കളോടാണ് കാര്യം. അതുകൊണ്ട് തന്നെ ഇങ്ങനെയുള്ള പരസ്യങ്ങൾ അവർ പ്രത്യേക്കിച്ചും ശ്രദ്ധിച്ച ഓരോന്നും വാങ്ങിച്ചുകൂട്ടും. ആൺകുട്ടികൾ ഒട്ടും പിറകിലല്ല. എങ്കിലും ഇതിലുപരി മൊബൈലുകളുടെ പുതിയ മോഡലിന് അവശ്യമായ പണംചെലവാക്കുന്നതല്ലാതെ അവർ ഇതിൽനിന്ന് ഒന്നും നേടുന്നില്ല.

ഒരു നാണയത്തിന് രണ്ട് വംശം ഉള്ളതുപോലെതന്നെ ഏതൊരു കാര്യത്തിന് രണ്ട് വശങ്ങൾ ഉണ്ട്


. അതായത് ,നന്മയും തിന്മയും. പരസ്യത്തിൽ കാണുന്നത് എല്ലാം ചീത്തയാണെന്നല്ലാ പറഞ്ഞ് വരുന്നത് ,മറിച്ച് അതിന് ചില ചീത്തഗുണവും അതുപോലെ ചില നല്ല ഗുണങ്ങളും ഉണ്ട് പലതരത്തിൽലുള്ള ഉൽപ്പന്നങ്ങളാണ് ഇന്ന് വിപണിയിൽ സ്ഥാനം പിടിപ്പിച്ചിരിക്കുന്നത് .എല്ലാ സാധനങ്ങളും എല്ലാകടകളിലും ഇല്ലാ. ഓരോ ഉൽപ്പന്നങ്ങളും വിപണിയിൽ ഇറങ്ങുമ്പോൾ തന്നെ അവ ഉപഭോക്താവിനെ പരിചയപെടുത്തുവാൻ ഈ പരസ്യങ്ങൾ സഹായിക്കുന്നു എല്ലാം കള്ളമാണെന്നില്ല. ചിലതെല്ലാം സത്യമാണ്. അങ്ങനെയുള്ള ഒത്തിരി ഉൽപ്പന്നങ്ങൾ വിപണിയിലുണ്ട്.

അതുകൊണ്ട് തന്നെ അമിതമായാൽ അമൃതം വിഷം എന്ന വാക്യം എപ്പോഴും ഓർത്തുകൊണ്ട് വേണം വിദ്യാർത്ഥികളായ നാം നടക്കേണ്ടത് നമ്മിൽ തെറ്റായസ്വാധീനം ചെലത്തുവാൻ കഴിയുന്ന അനേകം ഉൽപ്പന്നം ഇന്ന് വിപണിയിൽ ഉണ്ട്. അവയ്യൊന്നും വീണ്കൊടുക്കാതെ അവയുടെ നന്മയേയും തിന്മയേയും തിരിച്ചറിഞ്ഞ് നാം ജീവിക്കണം. അതുകൊണ്ട് തന്നെ പരസ്യങ്ങൾ വിദ്യാർത്ഥികളിൽ ഏറെ സ്വധീനം ചെലത്തുന്ന ഒന്നാണ് എന്ന് നമ്മുക്ക് പറയാം......

# എന്റെ നാട്



അനിറ്റ സാം



നീളെ നിള നിറഞ്ഞൊഴുകും-
നിത്യമനോഹരിയെന്റെ നാട്
നിത്യവും പൂക്കൾ വിടർന്നുവിലസും
നിത്യസൗഭാഗ്യം നിറഞ്ഞനാട്.
പൂകൾ പെറ്റ വഞ്ചിപാട്ടിന്റെ ഈരടി
പൂങ്കാറ്റിലോടിവരുന്ന നാട്
പൂകയിൽ പാറി പറന്നു നടക്കും
പൂമ്പാറ്റ പാറി വരുന്ന നാട്
തെങ്ങുകളെങ്ങും നിറഞ്ഞുനിന്ന്
തലയാടി താലോലമാടും നാട്
സത്യവും നീതിയും തുല്യതപാലിക്കും
ഐശ്വര്യദേവിയാണെന്റെ നാട്



ഗൗരി നന്ദ. ജീ. പി
9 C

## ഒ.എൻ.വി.



മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി. കുറുപ്പ്.ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുകുറുപ്പ് എന്നതാണ് പൂർണ്ണനാമം. ഒ.എൻ.വി. എന്ന ചുരുക്കപ്പേരിലും അറിയപ്പെടുന്നു. കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ.എൻ.കൃഷ്ണക്കുറുപ്പിന്റെയും കെ.ലക്ഷ്മിക്കുട്ടി അമ്മയുടെയും പുത്രനായി 1931 മേയ് 27 അത്തം നക്ഷത്രത്തിൽ ജനനം ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഏറ്റവും ഇളയമകനാണ് ഒ.എൻ.വി.എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948 ൽ ഇന്റർമീഡിയറ്റ് പാസ്സായ ഒ.എൻ.വി. കൊല്ലം എസ്.എൻ. കോളേ ജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952 ൽ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955 ൽ ബിരുദാനന്തബിരുദവും കരസ്ഥമാക്കി.

1957 മുതൽ എറണാകുളം മഹാരാജാസ്

കോളേജിൽ അദ്ധ്യാപകനായി.1958 മുതൽ 25 വർഷംതിരുവനന്തപുരം യൂണി വേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജിലും തലശ്ശേരി ഗവ.ബ്രിണ്ണൻ കോളേജിലും തിരുവനന്ത പുരം ഗവ.വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു.1986 മേയ് 31 ന ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ്ങ് പ്രൊഫസർ ആയിരുന്നു. കുട്ടിക ളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപനായിരുന്നു.

കേരള കലാമണ്ഡലത്തിലെ ചെയർമാൻ,കേന്ദ്ര സാഹിത്യ അക്കാദമി അംഗം,കേരള സാഹിത്യ അക്കാദമി അംഗം, എന്നീ നിലകളിലും പ്രവർത്തിച്ചു.ഇന്ത്യൻ പ്രൊഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിദ്യാർത്ഥിയായി രിക്കുമ്പോൾ തന്നെ കവിതാ രചന തുടങ്ങിയ ഒ.എൻ.വി. തന്റെ ആദ്യ കവിതയായ "മുന്നോട്ട് "എഴുതുന്നത് 15 വയസ്സിലാണ്. 1949 ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം.ആറു പതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യ ജീവിതത്തിൽ നിരവതി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമാ യിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി. വഹിച്ചിട്ടുണ്ട്. സാഹിത്യരംഗത്തെ സംഭാവനകൾ പരിഗണിച്ച്

## ജ്വാല....

2007 ലെ ജ്ഞാനപീഠം പുരസ്കാരം ഇദ്ദേഹത്തിന് 2016 ൽ ലഭിച്ചു. കേന്ദ്രസർക്കാരിന്റെ പത്മശ്രീ {1998}, പത്മവിഭൂഷൻ {2011} ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവതി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

അവസാനകാലത്ത് വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഏറെ പൊറുതിമുട്ടിയിരുന്നവെങ്കിലും കവിതാലോകത്തും സാംസ്കാരികമണ്ഡലങ്ങളിലും സജീവസാനിധ്യ മായിരുന്നു.2016 ൽ ജനവരി 21 ന് തിരുവനന്തപുരം നിശാഗതി ഓഡിറ്റോറിയത്തിൽവച്ചു നടന്ന പാക്കിസ്ഥാനിഗസൽ മാന്ത്രികൻ ഗുലാം അലിയുടെ കച്ചേരിയാണ് അദ്ദേഹം അവസാനമായി പങ്കെടുത്ത പൊതുപരിവാടി.വീൽച്ചെയറിലാണ് അദ്ദേഹം അന്ന് പരിവാടിക്കെത്തിയത്. കുറച്ച് ദിവസങ്ങൾക്കശേഷം അദ്ദേഹം ആശുപത്രിയിലായി.2016 ഫെബ്രുവരി 13 ന് വൈകിട്ട് 4:30 ന് 84-ാം വയസ്സിൽ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

ഒ.എൻ.വി. തന്നെ നാമകരണം ചെയ്ത് തൈക്കാട് ശാന്തികവാടം ശ്മശാനത്തിൽ പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാരം നടക്കുമ്പോൾ ഗാനഗന്ധർവൻ ഡോ.കെ.ജെ.യേശുദാസിന്റെ നേതൃത്വത്തിൽ 84 ഗായകർ അണിനിരന്ന് അദ്ദേഹത്തിന്റെ കവിതകളും ഗാനങ്ങളും ആലപിച്ച് അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു.

# കുറച്ച് സംസാരിക്കാം കൂടുതൽ കേൾക്കാം



സ്റ്റെഫിൻ. എ.

9 A

ഇ‘  

നിങ്ങൽ സംസാരിക്കുമ്പോൾ പലരും കൂടെ കൂടെ ഇടയ്ക്ക് കയറി പറയാൻ ശ്രമിക്കാറുണ്ടോ? എങ്കിൽ ഒരു കാര്യം ഉറപ്പ്. നിങ്ങൾക്ക് ആവശ്യത്തിലെറെ നീട്ടി പറയുന്ന ശീലമുണ്ട്. അഞ്ച് വാക്ക് മതിയാകുന്നിടത്ത് അൻപത് വക്ക് വിളമ്പാൻ തുടങ്ങിയാൽ കേൾവിക്കാർ മടുക്കും. അവർ ശ്രദ്ധിക്കാതെവരുകയും ചെയ്യും.

നേരെ മറിച്ച് ഉള്ള കാര്യം കഴിയുന്നത്ര കുറച്ചുവാക്കുകളിൽ വ്യക്തതയും,കൃത്യതയും പുലർത്തിപ്പറഞ്ഞാലോ? കേൾവിക്കാർ കാതോർത്തു നിൽക്കും. തന്റെ സംഭാഷണം മറ്റുള്ളവർക്ക് രസിക്കണമെന്ന് ആഗ്രഹിക്കാത്തവരില്ല. പക്ഷേ, അതനുസരിച്ച് പ്രവർത്തിക്കുന്നവർ ചുരുക്കം. ഉൾക്കാഴ്ച്ചയുള്ള ആളുമായി ഒരു നാഴിക സംസാരിക്കുന്നത്.ഒരു മാസക്കാലം പുസ്തകം വായിച്ചു പഠിക്കുന്ന തിനേക്കാൾ നല്ലതെന്ന് ചൈനീസ് പഴമൊഴി.

സംഭാഷണം മനസ്സിന്റെയും,ബുദ്ധിയുടെയും, മേഖലയാണ്. വായാടിതരമാകട്ടെ നാക്കിന്റെ മാത്രം വ്യായാമവും നല്ല

## ജ്വാല....

സംഭാഷണ വിദഗ്ധർ ഒന്നാന്തരം കേൾവിക്കാരനും ആയിരിക്കുമെന്ന് ഓർക്കുക. പലപ്പോഴും കേട്ടിരിക്കാൻ നമ്മുക്ക് ക്ഷമയില്ല.കേൾക്കുക,മനസ്സിലാക്കുക വിലയിരുത്തുക, സ്വാംശീകരിക്കുക എന്നിങ്ങനെ പലഘടകങ്ങളുണ്ട്.നല്ല കേൾവിയിൽ പറയുന്ന ആളിനോട് സഹാനുഭൂതി കാട്ടി. അയാളുടെ ചിന്താലോകത്തേക്ക് കടന്നെത്താം. അന്യരുടെ അനുഭവങ്ങൾ പങ്കിടുക, ഉൾക്കാഴ്ച്ചയോടെ അവയെ വിലയിരുത്തുക. ആവശ്യമെങ്കിൽ അവരോട് സഹതപിക്കുക എന്നിവ നല്ല കേൾവിക്കാർക്ക് ലഭിക്കുന്ന സൗകര്യങ്ങളാണ്.

## മാതൃസ്നേഹം

റിഥാ ഫാത്തിമ
9 B

ജീവിത യാത്രയിൽകാലടി തെറ്റാതേ
കാവലായിനിൽകുന്ന എന്റെയമ്മ
സ്നേഹം നിറഞ്ഞൊരു
കെടാവിളക്കാണെന്റെയമ്മ

അമ്മയെന്നെൻ ആദ്യദൈവം
ദൈവംപോലെയെൻ അമ്മ
നെർവഴികാട്ടിതരുമെൻ അമ്മ
അമ്മയെൻവെളിച്ചമാണ്
നക്ഷത്രംപോലെവഴിതെളിക്കുന്നു

സ്നേഹമായ് , സാന്ത്വനഗിതമായ്
ആത്മാവിൽനിറയുന്നചൈതന്യമായ
വീടിനുമുന്നിൽ ഒരുകൊവിളക്കായി
നിൽക്കുന്നു എൻ അമ്മ



ജ്വാല....

കൊച്ചുപ്രായത്തിൽ ആദ്യമായി
മലയാളത്തിൽ ചെല്ലുന്നത്
അമ്മയെന്ന രണ്ടക്ഷമാണ്
നല്ലചിന്തകൽ പകരുന്ന എൻ അമ്മ

നമ്മുടെ ജീവിതാന്ത്യംവരെയും
സ്നേഹിക്കുകയും വാത്സലിക്കുകയും
ചെയ്യുന്നു എൻ അമ്മ
നമ്മുടെ ജീവിതാന്ത്യം വരെയും
ഓർക്കാനുള്ളസൊത്താണ് എൻ അമ്മ

# ഓടിയൊളിക്കരുത് ഒരിക്കലും



മെൽവിൻ എബ്രഹാം
9 C

താൻ പഠിച്ച സ്കൂളിലെ ഒരു സ്വീകരണത്തിന് എത്തിയതാണ് ചർച്ചിൽ. ചർച്ചിലിന്റെ പ്രസംഗം കേൾക്കാൻ സ്കൂളിൽ മുഴുവൻ ആ കാംക്ഷയോടെ ചെവി കൂർപ്പിച്ചു നിന്നു. അദ്ദേഹം പ്രസംഗിക്കാൻ പ്രസം ഗപീഠത്തിന് അരികെനിന്ന് എല്ലാവരെയും നോക്കി, മുകളിൽ ബോർ ഡിൽ എഴുതിയ ആറു വാക്കുകൾ ഗാംഭീര്യത്തോടെ പറഞ്ഞശേഷം തിരികെ തന്റെ സീറ്റിൽ വന്നിരുന്നു. ആയിരക്കണക്കിനാളുകളെ പ്രചോ ദിപ്പിച്ച ആറു വാക്കുകളിളൊതുങ്ങിയ പ്രസംഗം. കുട്ടികളെ ഒരിക്കലും വിഷാദത്തിന്റെയും ,നിരാശയാടെയും ,ആത്മഹത്യയുടെയും, നടവിലാണ് നമ്മുടെ തലമുറ. ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ കഴിയാതെ ഓടിയൊളിക്കുന്നവരാണ് പലരും. ചിലർക്ക് പെട്ടെന്ന് കാര്യങ്ങൾ സാധിച്ചുകിട്ടണം. കൈവിടുന്നവർ ഒരിക്കലും

# ജ്വാല....

വിജയിക്കുകയില്ല.അതേ സമയം വിജയിക്കുന്നവർ ഒരിക്കലും കൈവിടില്ല.ഒരു വഴി അടഞ്ഞാൽ മറ്റൊന്നു നിങ്ങളുടെ മുന്നിൽ തുറന്നിരിക്കും.അതാണ് കൈവിടാത്തവരുടെ അനുഭവം.കൈവിടാതെ മുമ്പോട്ട് പോകുന്നവരുടെ മുമ്പിൽ ധാരാളം അവസരങ്ങൾ ഉയർന്നു വരും. കൈവിടാത്തവർ അവസരങ്ങളുടെ പിറകേ പോകുന്നവരാണ്. അവസരങ്ങൾ അനാഥബാലന്മാരെപ്പോലെ യാണ്.അവരെ കണ്ടെത്തി അവരെ ദത്തെടുക്കണം. മനഃശാസ്ത്രപരവും ആത്മീയവുമായ ഒരു സത്യമുണ്ട്.അതായത്,ജീവിതത്തിൽ അനേകം തുടക്കങ്ങൾ ഉണ്ട്. പരാജയം അവസാനമല്ല എന്ന് ചിന്തിക്കുകയും ആ മനോഭാവത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നവർക്കാണ് പുതിയ ഇടങ്ങൾ കാണാൻ സാധിക്കുന്നത്."ഓരോ സംഭവത്തിനും ഒരു നിയോഗം ഉണ്ട്."ഇളം തലമുറയെ നാം പഠിപ്പിക്കേണ്ട വലിയ പാഠമിതാണ്.ഈ വലിയ മനോഭാവത്തിൽ ജീവിതത്തിലുണ്ടാകുന്ന സംഭവങ്ങളെ നാം കാണാൻ പഠിക്കണം...

# കുസൃതി ചേദ്യങ്ങൾ "15"



ജൂബിൻ

9 A

കുഞ്ഞുമേ



1 ഒരറ്റത്ത് ഒരു വിഡ്ഢിയും മറ്റേ അറ്റത്ത് തീയും .എന്ത് ?

ഉ: സിഗററ്റ്

2 പുറകിൽ തലയുള്ള ജീവി ?

ഉ: മുതല

3 സ്വന്തമായി കസേരയുള്ള മാൻ ?

ഉ: ചെയർമാൻ

4 ലോകത്തിലെ ഏറ്റവും വലിയ വഴി ?

ഉ: പെരുവഴി

5 കടയിൽ കിട്ടാത്ത റേഷൻ ?

ഉ: ഓപ്പറേഷൻ

6 താമസിക്കാൻ പറ്റാത്ത വീട് ?

ഉ: ചീവിട്

7 ആരും യാത്ര ചെയ്യാത്ത ബസ്സ് ?

ഉ: സിലബസ്സ്

8 സൂര്യനിൽ കാണാത്തത് എന്ത് ?

ഉ: ഇരുട്ട്

9 വായിൽക്കൂടി കടക്കുന്ന ഗേറ്റ് ?

ഉ: കോൾഗേറ്റ്

10 ലോകത്തിലെ ഏറ്റവും വലിയ സംഖ്യ ?

ഉ: ജനസംഖ്യ

11 തറയ്ക്കാൻ പറ്റാത്ത ആണി ?

ഉ: ബിരിയാണി

12 ആരും പോകാനിഷ്ടപ്പെടാത്ത അറ ?

ഉ: കല്ലറ

13 എങ്ങനെ എഴുതിയാലും ശരിയാകാത്ത വാക്ക് ?

ഉ: തെറ്റ്

14 എല്ലാവരും തെന്നി വീഴുന്ന രാജ്യം ?


ഉ: ഗ്രീസ്

15"ജാം" ആണ് പക്ഷേ കഴിക്കാൻ പറ്റില്ല ?

ഉ: ട്രാഫിക് ജാം

ജ്വാല....

# നഷ്ടമാകുന്ന ഓർമ്മകൾ





ഗൗതം കൃഷ്ണ
9 B

നാടിനെപച്ചപതപ്പിക്കുവാൻ
നിത്യേനപാടത്തു കഷ്ടമനുഭവിക്കും കർഷകർ
ഹാളിൽ കടന്നിരിക്കുമ്പോൾ സ്വയം
നഷ്ടപ്പെടുത്തുന്നു സ്വന്തമാം പുഞ്ചിരി

ചേറിൽ മണവും ചേലൊത്ത കായ്കനികൾ
നിറയും തോടും നൽകീടും ദേവകൾ
കാറ്റുകടക്കാത്ത ഹാളിലെ ആര്യൻ തൻ
ചൂടിൽ മുങ്ങിമരിക്കുന്ന ദേവകൾ

# ജ്വാല....

എങ്ങുപോയ് ......എങ്ങുപോയ്.....എൻ ഹൃത്തിനാനന്ദം
മേകിയ വെള്ളരിത്തോട്ടത്തിൽ കൺകളിർപ്പായ
കയ്യ്തൻ പന്തൽ പച്ചപ്പുതപ്പുകൾ ?

നാടിനെപച്ചപുതപ്പിക്കാം നമുക്കിനി
നഷ്ടമായൊരി പുഞ്ചിരി വീണ്ടുമീ
ചുണ്ടിലണിഞ്ഞു കൊണ്ടാത്മ ഹൃത്തിൽ
ഫലങ്ങൾ പരസ്പരം പങ്കുവയ്ക്കാം



അർപ്പിത്.പി

9 B

## ജഡായു എർത്ത് സെൻറ്റർ



കൊല്ലം ജില്ലയിലെ ചടയമംഗലം ജഡായു പാറയിൽ 64 ഏക്കറിൽനിർമ്മാണത്തിലായിരിക്കുന്ന ഒരു പരിസ്ഥിതിന ഉദ്യാനമാണ് ജഡായു എർത്ത് സെൻറ്റർ അഥവാ ജഡായു നേച്ചർ പാർക്ക്.സംവിധായകനായ രാജീവ് അഞ്ചലിന്റെ നേതൃത്വത്തിലാണ് നിർമ്മാണം പൊതുസ്വകാര്യ പങ്കാളിത്തത്തിൽ നിർമ്മിക്കുന്ന കേരളത്തിലെ ആദ്യ വിനോദഞ്ചാര പദ്ധതിയാണിത്

## ജ്വാല....

രാമയണത്തിലെ ജഡായുവിന്റെതായി ഇവിടെ നിർമ്മിക്കുന്ന പ്രതിമലോകത്തിലെതന്നെ എറ്റവും വലിയ പക്ഷി ശില്പമാണ്. ജഡായുരാവണ യുദ്ധം ജഡായുപാറയിൽവെച്ച് നടന്നതെന്നാണ് വിശ്വാസം.വെട്ടേറ്റുവീണ ശില്പം. പുശ്പകവിമാനത്തിൽ സീതാദേവിയെ തട്ടിക്കൊണ്ടു പോകുമ്പോൾ പറന്നുപൊങ്ങിയ ജഡായുവിന്റെ ചിറകുകൾ രാവണൻ അറുത്തുമാറ്റി എന്നതാണ് ഐതിഹ്യം.ജഡായുവിന്റെ ചിറകററുവിണ സ്ഥലമാണ് ജഡായുപാറയെന്നാണ് വിശ്വാസം. രാക്ഷസരാജാവ് ചിറകരിഞ്ഞു വീഴ്ത്തിയ ജഡായുവീണ്ടും പുനർജനിക്കുകയാണ് കേരളം ശ്രദ്ധേയമായ ടൂറിസം പദ്ധതിയിലൂടെ. 200 അടി നീളവും 150 അടി വീതിയും 75 അടി ഉയരവുമുണ്ട്.പക്ഷി ശിൽപ്പത്തിന് കീറ്റൻ ശിൽപ്പത്തിനുള്ളിലേക്ക് സഞ്ചാരികൾക്ക്കടന്നുചെല്ലാം. രാമായണ കഥയാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. പൂർണ്ണമായും ശീതീകരിച്ച പക്ഷിയുടെ ഉൾവശത്തുകൂടി സഞ്ചാരികൾക്ക് കൊക്കു വരെ ചെല്ലാം. തുടർന്ന് പക്ഷിയുടെ കണ്ണിലൂടെ പുറത്തെ കാഴ്ചകൾ കാണാം. രാവണജടായു യുദ്ധത്തിന്റ 6 ഡി തീയറ്റർ സംവിധാനവും ഒരുക്കിയിട്ടുണ്ട.65 ഏക്കർ പരന്നുകിടന്ന സ്ഥലത്തു ക്യാമ്പിങ്, മലകയറ്റം,ട്രക്കിങ്, 6 ഡി തീയറ്റർ വെർച്വനൽ റിയാലിറ്റി മ്യൂസിയം സിദ്ധ- ആയുർവേദ ഗുഹ, റസോർട്ട്, തുടങ്ങിയ ഒട്ടേറെ സൗകര്യങ്ങൾ വിനോദ സഞ്ചാരികളെകാത്തിരിപ്പുണ്ട് ആകർഷക മായപതിനഞ്ചോളം സാഹസിക പ്രവർത്തനങ്ങളിൽ

ഏർപ്പെടുന്നുള്ള   സൗകര്യങ്ങൾടൂർ പാക്കേജിലുണ്ട്.  കേരളത്തിലെ സഞ്ചാരികളുടെ       മാറിമറിയുന്ന  അഭിരുചികളേയും  മുൻഗണനകളേയും  കണക്കിലെടുത്ത്       കേരളത്തിലുടനീളം    അഡ്വഞ്ചർ ടൂറിസത്തെ      പ്രോത്സാഹിപ്പിക്കുവാനും, സംസ്ഥാനത്തെ    സാഹസികതയുടെ     നാട് എന്ന    നിലയിലേക്ക് ഉയർത്തുവാനും കേരള ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നുണ്ട്.

## സ്വപ്നജീവി



അതുൽ എസ്

9 B

അടിതെറ്റി വീണൊരു മർത്ത്യന്റെ ഹൃത്തിലായ്
അഴകാർന്ന മോഹങ്ങൾ ആഴ്ന്നിരിപ്പൂ
ആഴത്തിലാർന്നയാ മോഹങ്ങൾ പിന്നെയും
"ആഹൂതി "ചെയ്യുതും ആരറിവാൻ

# ജ്വാല....

മോഹങ്ങളോക്കെയും അങ്കുശം പോലയാ
ചിത്തത്തിലോക്കെ മുളച്ചിരിപ്പൂ
വേരാർന്ന മോഹങ്ങൾ പട്ടുകിടക്കയിൽ
വേരറ്റു പോയതുമാരറിവാൻ

മർത്ത്യന്റെ ഹൃത്തിലെ കൊച്ചരി മോഹങ്ങൾ
"കൊച്ചരി പല്ലായി" മുളച്ചിരിക്കെ
കൊഴിയുന്ന പല്ലിനായി പകരം വരുന്നതോ
നിരയോട്ടുമില്ലാത്ത ദന്തങ്ങളും

നന്ദിതൻ ഈശ്വരന് രണ്ടുവാക്കോതുവാൻ
"വിമ്മിഷ്ടം" മർത്ത്യന് പാരിലിന്നും
പാറ്റിയും തുറ്റിയും എത്രയോ ജന്മങ്ങൾ
പാഴായി പോകുന്നു പാരിലിന്നും.

മായയാം ലോകത്ത് വട്ടം കറങ്ങുന്ന
"പാവയായി" നിൽക്കുന്നു മർത്ത്യനിന്ന്
എത്തിപ്പിടിക്കുവാൻ ഒക്കില്ലോരിക്കലും
തത്തി കളിക്കുന്ന മോഹങ്ങളെ

അഴകാർന്ന കാലത്ത് അവനാവതൊക്കയും
അരുമക്കിട്ങ്ങൾക്ക് പങ്കുവച്ചു
അഴകറ്റ നേരത്താ അരുമകിടാങ്ങൾ തൻ
"പിണമായി" മാറിയ മർത്ത്യജന്മം.

# ജ്വാല....

ഒരുകന്ന നോട്ടുകൾ വാരിച്ചോരിയുന്ന
ഒരുവേള മർത്ത്യന് ആസ്വദിക്കാൻ
ഒരുപിടി ചോറിനായി "വാകീറി" നിൽക്കുന്ന
അരുമകിടാങ്ങളും മറുവശത്ത്

വെട്ടിപ്പൊളിക്കുന്നബന്ധങ്ങളൊക്കെയും
തട്ടിക്കളിക്കുന്ന പന്തുപോലെ
വട്ടമൊത്തിചെത്തി ഓടുവാനായുമ്പോൾ
"വട്ടം കറങ്ങുന്നു" മർത്ത്യനിന്ന്

പൊട്ടിത്തെറിക്കുന്ന കായ്കനിയൊക്കെയും
പൊട്ടിമുളയ്ക്കുമീ പാരിടത്തിൽ
"കെട്ടിപിണയുന്ന ബന്ധങ്ങൾ" ഒക്കെയും
ഞെട്ടിത്തെറിക്കുന്നീ നിത്ത്യതയിൽ

കെട്ടിപടുക്കുന്ന സ്വപ്നങ്ങൾ ഒക്കെയും
ഞെട്ടറ്റു വീഴുന്നു "പാഴിലായ്"
കെട്ടിപടുക്കുന്ന "സ്വപ്നസൗധങ്ങളും"
കാണാതെ മർത്ത്യനാനിത്യതയിൽ

സ്വപ്നങ്ങൾ കാണുവാൻ മർത്ത്യനു മാത്രമേ
ആവതുള്ളുവെന്നോർക്കാനാവും
"സ്വപ്നസാക്ഷാത്കരമീശന്റെ "കൈയിലെ
"ഞാൺവലി" യാണെന്നും ഓർക്കവീണ്ടും

# നിഴൽക്കാഴ്ചകൾ



സ്വാതി.മുരുകൻ
9 C

ഒരിടത്ത് അന്ധയായ ഒരുപെൺകുട്ടിയുണ്ടായിരുന്നു . അവളുടെ കൂട്ടുകാരനും മാതപിതാക്കളും ഒഴിക്കെ എല്ലാവർക്കും അവളുടെകൂടെ വെറുപ്പായിരുന്നു. അങ്ങനെ അവളുടെ ജിവിതം മന്നോട്ട പോയ്ക്കോണ്ടിരുന്നു കാഴ്ചയില്ലെന്നറിഞ്ഞിട്ടും അവളെ വിവാഹം കഴിക്കാൻ അവൻതയ്യാറായി. ഒരിക്കൽ ഒരാളുടെ സഹായത്താൽ അവൾക്ക് കാഴ്ച തിരിച്ചുകിട്ടി. കാഴച്ച കിട്ടിയപ്പോൾ അവൾ ആദ്യം കണ്ടത് അവനെയായിരുന്നു.അവനെ കണ്ട് അവൾ ഞെട്ടിപ്പോയി. തന്റെ കാമുകനും ഭർത്താവുമായ അയാൾ അയാൾക്ക് കാഴ്ചയില്ലാത്ത ആളാണെന്ന കണ്ട് അവൾ അവനെ ഉപേക്ഷിച്ചു.എന്നാൽ അവൾ ചിരിച്ചു കൊണ്ട് അവളുടെ കൈയ്യിൽ ഒര് കത്ത് കൊടുത്ത് അവൾ യാത്രയായി. കത്തിന്റെ ഉള്ളടക്കം ഇങ്ങനെയായിരുന്ന ”എന്റെ കണ്ണുകൾ നിഭദ്രമായി സുക്ഷി സൂക്ഷിക്കണം എന്റെ കണ്ണുകൾ നിന്നിലൂടെ ഈ ആയിസ്സമുഴുവൻ ജീവിക്കും. ഇത് എന്റെ തിരാത്ത സ്നേഹംത്തിന്റെ പ്രതീകമാണ്. അവൾ കത്ത് വായ്ച്ച് പൊട്ടികരഞ്ഞു. തന്നെ ബാല്യം മുതൽ ഇന്ന് ഈനിമിഷം വരെ ഒരു മുറിവുപ്പോലും ഏൽപ്പിക്കാതെ എന്നെ ജീവിതത്തിന്റെ  സുഖം അറിയിച്ച ആളെ ഞാൻ അകറ്റി എന്നിൽ നിന്ന് മാറ്റിനിർത്തി ”
കത്ത് അവൾ നെഞ്ചോട് ചേർത്ത് അവന്പോയ വഴിയിലെക്ക് നോക്കി പോട്ടികരഞ്ഞു.

# ജ്വാല....

" അറിഞ്ഞില്ല സ്നേഹിതാ നിൻ
ഹൃദ്യമാം സ്നേഹം
ഒരുവാക്ക്പോലും പറഞ്ഞതില്ല നീ
അകലുന്ന വേളയിൽ നിൻ തുണക്കായി
എൻ ഹൃതയംതേങ്ങിടുന്നു"

# കേരളം വൃദ്ധസദനത്തിൽ



സ്നേഹാ തോമസ്
9 B

കേരളനമസാക്ഷിയെ ഞെട്ടിച്ചൊരു വാർത്തയാണ് അടിമാലിയിൽ സംഭവിച്ചത്. മൊന്തു പ്രസവിച്ച അമ്മയെ കപടസ്നേഹം നടിച്ചെത്തിയ രണ്ടു മക്കൾ നിഷ്കരുണം തെരുവിലുപേക്ഷിച്ച് കടന്നുകളഞ്ഞു. അവർക്കെതിരെ പോലീസ്കേസെടുത്തു. ഇങ്ങനെയുള്ള മക്കളാണ് ഇന്ന് കേരളത്തിൽ ദിനംതോറും വർധിച്ചുകൊണ്ടിരിക്കുന്നത്. ഇതുപോലുള്ള മക്കൾ കേരളത്തിന് അപമാനമാണ്.

കേരളസമൂഹത്തിൽ ഇന്ന് വൃദ്ധസദനങ്ങൾ വർധിച്ചുവരുന്നതിന് കാരണം പുതുതലമുറയുടെ മാതാപിതാക്കളോടുള്ള സ്നേഹത്തിന്റെ അളവ് കുറഞ്ഞതിലാണ്. ഇന്നത്തെ സമൂഹം വളരുന്ന രീതി തോറ്റായതിനാലാണ് വൃദ്ധസദനങ്ങൾ വർദ്ധിക്കുന്നതും മാതാപിതാക്കൾ തെരുവിൽഉപേക്ഷിക്കപ്പെടുന്നതും. നവമാധ്യമങ്ങളുടെ വരവോടെ നാലു ചുമരുകളളിൽ അടയ്ക്കപ്പെടുന്ന പുതുതലമുറയ്ക്ക് സ്നേഹത്തിന്റെ വില മനസ്സിലാക്കാതെപോകുന്നു. ജോലിതിരക്കുകാരണം തങ്ങളുടെ മക്കളെ സ്നേഹിക്കാൻ മറന്നുപോകുന്നത് മാതാപിതാക്കൾതന്നെയാണ് തങ്ങളുടെ വൃദ്ധസദനം തിരഞ്ഞെടുക്കാൻ മക്കളെസഹായിക്കുന്നത്. സ്നേഹത്തിന്റെ പാതയിലൂടെ മക്കളെ നടക്കാൻ പഠിപ്പിക്കാനും സ്നേഹം , നന്മ , സാഹോദര്യം എന്നിമൂല്യങ്ങൾ മക്കൾക്ക് ചൂണ്ടികാണിക്കുകയുംചെയ്യേണ്ട മാതാപിതാക്കൾ തങ്ങളുടെ കർത്തവ്യം

# ജ്വാല....

നല്ലതുപ്പൊലെ നിറവേറ്റുന്നില്ല. മാതാപിതാക്കൾക്ക് ദൈവത്തിനെക്കാളും സ്ഥാനമാണ് മക്കളുടെ ജീവിതത്തിലുള്ളത്. അനുസരണ, പരസ്പരസ്നേഹം എന്നിമൂല്യങ്ങൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കുകയും കുഞ്ഞുങ്ങളെ സ്നേഹത്തിന്റെ പാതയിലൂടെ നടക്കാൻ പഠിപ്പിക്കുകയുംവേണം മാതാപിതാക്കളെ സ്നേഹിക്കുന്ന, പരിപ്പാലിക്കുന്ന വൃദ്ധസദനങ്ങളില്ലാത്തനല്ലൊരു നാളേക്കായി കാത്തിരിക്കാം

# അനാഥത്വം





പാർവതി ബി

9B

എൻ ജീവിതത്തിൽ താളുകളിൽ
എൻ മനസ്സിനെ ഓടിക്കുമ്പോൾ
അവിടെ ദൃശ്യമായി എൻ ബാല്യം

ജന്മം നൽകിയ ജനനിയോ ജനകനോ
ആരെന്നറിവില്ലാതേ കന്നുകാലികളെപോലെ

ഏതോ നാരകാഗ്നി ചൊരിയുന്ന നരകത്തിൽ
പട്ടിണികിടന്നുകൊണ്ടു പണിയെടുക്കുന്നു

എൻ ബാല്യത്തിലെ അനാഥത്വം
നൽകിയത് ആരാണെങ്കിലും

ശപിച്ചിടുകയാണ് മാതാപിതാക്കൾക്ക്
വേണ്ടി ഇത്രനാളും കണ്ണുനീരി

# വായനയുടെ പ്രാധാന്യം



അശ്വിൻ ആർ നായർ
9 A



വായന മനുഷ്യജീവിതത്തിൽ അടക്കാനാവാത്ത ഒന്നാണ് വായനയുടെ പ്രാധാന്യം നാം അറിയുന്നത് കവികളുടെ പ്രശസ്തകൃതികളി ൽ നിന്നും പ്രശസ്ത വ്യക്തിയുടെ വാക്കുകളിൽനിന്നുമാണ്. അങ്ങനെയൊ രു വായനയുടെ പ്രാധാന്യത്തെക്കാണിക്കുന്ന വരിയാണ്.

" വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും."

ഇക്കാലത്ത് ചതിവായ വായന ജനങ്ങളിൽ കുറവാണ്. മനുഷ്യൻ പുരോ ഗതിയിലേക്ക് കടക്കുമ്പോൾ വായന വിട്ടുപിരിയുകയാണ്. പുസ്തകങ്ങൾ നമ്മുടെ പ്രീയ സുഹൃത്തുക്കളാണ്. അവർ നമ്മിൽനിന്നും യാതൊന്നും

പ്രതീക്ഷിക്കുന്നില്ല. എന്നാൽ ഇവ നമുക്ക് ആഹ്ലാദിക്കാൻ അവസരം ഒരുക്കുന്നു. നാം ഇവയിൽനിന്നും നല്ല ചില പാഠങ്ങൾ പഠിക്കുന്നു. ഇവ നമ്മെ സങ്കല്പങ്ങളുടെ ഒരു പുതിയ ലോകത്തിലേക്കു നയിക്കുന്നു. നമ്മുടെ അറിവിനെ വർദ്ധിപ്പിക്കുന്നു.

വായന നമ്മെ പരാജയത്തിലേക്കുള്ള വാതില് കളടച്ച വിജയത്തിന്റെ കവാടം തുറക്കുന്നു. പുസ്തകങ്ങൾ കഠിനനായി പരിശ്രമിക്കാൻ നമ്മെ തോന്നിപ്പിക്കുന്നു.വായന ചില സന്ദർഭങ്ങളിൽ നമ്മെ ചതിക്കും. അതിനാൽ നല്ല വിഷയങ്ങളേയും നല്ല പുസ്തകങ്ങളെയും തിരഞ്ഞെടുക്കാൽ നാം പ്രാപ്തരായിരിക്കണം.

നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അവ എങ്ങനെ നമുക്ക് ഉപകാരപ്രദമാകും എന്നും നാം അറിഞ്ഞിരിക്കണം. വായനയുടെ പ്രാധാന്യത്തെക്കുറിച്ച് മഹാന്മാർ വർണ്ണിച്ചിരിക്കുന്നത് ചില ഭാഷകളി ലാണ്. വായന വിജയം കൈവരിക്കാൻ നമ്മെ സഹായിക്കുന്നു. ചെറുപ്പത്തിലേ കുട്ടികൾ വായിക്കാൻ അറിഞ്ഞിരിക്കണം.

നമ്മുടെ മാതൃഭാഷ മലയാളമാണ്. മലയാളം എന്തെന്നും അതിന്റെ പ്രാധാന്യം എന്തെന്നും നാം ചെറുപ്പത്തിൽത്തന്നെ അറയേണ്ട ഒന്നാണ്. എന്നാൽ ഇന്ന് കേരളത്തിൽ ഭൂരിപക്ഷംആളുകൾക്കും മലയാളം എന്താണെന്ന് അറിയില്ല. മലയാളത്തിൽ പ്രശസ്ത കൃതികളിൽ മിക്ക കവികളും വായനയുടേയും സമയങ്ങളിൽ വായന

നല്ലൊരു വിനോദമാണ്.

മനുഷ്യന് ആഹാരമെന്ന പോലെ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായന. ഇന്ന് വിദ്യാലയങ്ങളിൽ വായന ശാഖകൾ പതിവാണ്. അതിനാൽ നാം വായിച്ചു വളരണം. ...............

# പ്രകൃതിയുടെ രചയിതാക്കൾ



അമൃത മുരളി
9 C

കേരവൃക്ഷങ്ങൾ നിരന്നാടുന്നൊരു

കേരളനാടിന്റെ മഹിമകൾ ചൊല്ലിയ പാരമ്പര്യവും

പച്ചപ്പുടവയുടുത്ത് പിച്ചവച്ചിടുന്ന കൊച്ചു-

മരങ്ങളേയും ആവിഷ്ക്കരിച്ചോരു രവിവർമ്മയും

അച്ഛൻ എഴുത്തച്ഛൻ കിളിയെക്കൊണ്ടോതിച്ച

കിളിപ്പാട്ടും ഞാനോർത്തിടുന്നു

കിളിയുടെ കേദാരകൃതികൾ മെനഞ്ഞെടുത്ത

ഇന്ദുവിനേയും ഞാൻ ഓർത്തിടുന്നു

കുട്ടനാട്ടിൽ കഥാകാരനും ,വീണപൂവിന്റെ ആശാനും

നീർമാതളത്തിന്റെ മാധവിക്കുട്ടിയും

മുളങ്കാട്ടിലെത്തിയ വയലാറും ,പ്രകൃതിതൻ ജീവിതം

ജ്വാല....

വിവരിച്ചീടുന്ന യഥാർഥ മാനവരല്ലയോ-

കുഞ്ഞുകുയിലുകൾ പാടുന്ന പാട്ടതും

കാട്ടരുവിതൻ ചിലങ്ക ശബ്ദവും......

ആവിഷ്കരിക്കുന്ന ആവേശഭരിതരാം രചയിതാകൾ

നല്ല രചയിതാക്കൾ

പ്രകൃതിതൻ രചയിതാക്കൾ

കേരളത്തിൻ അഭിമാനമാകും രചയിതാക്കൾ

# പഴമൊഴികൾ



കൃപ ബിജു
8 C

- അഞ്ചിൽ വളയാത്തത് അമ്പതിൽ വളയില്ല.
- അടികൊണ്ട വിദ്യയെ അരങ്ങത്തുള്ളു.
- അഞ്ചുവിരലും ഒരു പോലെയോ.?
- ഉണ്ട ചോറിൽ കല്ലിടരുത്.
- കഴുത്തറുത്തു കാണിച്ചാലും കണ്ണുക്കെട്ട്.
- കർമവ്യധിക്കു കഷായമെന്തിന്.?
- കായേറിയൽ കുലതാഴും.ിക്ക
- നാളെ പറിക്കേണ്ട പൂ ഇന്ന് പറിക്കരുത്.
- മാങ്ങ പഴുത്താൽ താനെ വീഴും.
- ധനത്തിനു വേലി ധർമം,ധർമത്തിനു വേലി ധനം.
- നാലാൾ നാലുത്തു വഴി.
- യോഗമുള്ളവൻ പല്ലക്കേറും.
- വിനയം വിദ്യതൻ ഫലം.
- സത്യത്തിനു നാലു കാലുണ്ട്.
- പഠിച്ചതു പറയാനല്ല പയറ്റാനാണ്.
- പണികൂടാതെ പണമില്ല.
- കണ്ണുള്ളവനും കാലിടറും.
- കളയില്ലാത്ത വിളയില്ല.

- നാളത്തെ ദുഃഖത്തിനു ഇന്നു കരയാതെ.
- വിനാശകാലേ വിപരീതബുദ്ധി.

# ഓർമ്മച്ചെപ്പിലെ ജീവിതപാഠങ്ങൾ



റിഷിക

8 സി

സെപ്റ്റംബർ 19 ബുധനാഴ്ചയായിരുന്നു ആ ദിവസം. തിരുവല്ലയി ലേക്കാണ് ഞങ്ങൾ പോകാൻ ഒരുങ്ങുന്നത്. ഞങ്ങൾ യാത്ര തിരിച്ചു. തടസ്സങ്ങൾ ഒരുപാട് മുന്നിലൂടെ കടന്നു പോയപ്പോഴും ഈ യാത്ര അത്ര സുഖകരമ ഇല്ല എന്നു കരുതിയ ഞങ്ങൾക്ക് അവിടെയെത്തുമ്പോഴേക്കും തികച്ചും വേറിട്ട അനുഭവങ്ങളാണുണ്ടായത്. പത്തനംതിട്ട ജില്ലയിലെ തിരുവല്ല എന്ന സ്ഥലത്തിന്റെ മധ്യഭാഗത്തായി വരുന്ന ഒരു സ്ഥലമാണ് കറ്റേട്. അങ്ങോട്ടേക്കാണ് ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നത്.നല്ല മഴയുണ്ടാ യിരുന്ന സമയം. ആകാശം മേഘാവൃതമായികിടക്കുന്നു. കേരളത്തെ നടുക്കിയ പ്രളയദുരന്തം വന്നൊഴിഞ്ഞുപ്പോയ ദിവസങ്ങളായിരുന്നു അത്. പ്രളയദുരന്തത്തിലെ നോവുകളുളവാക്കുന്ന അനേകം കാഴ്ചകൾ എനിക്ക് വണ്ടിയുടെ ജനവാതിലിലൂടെ കാണാൻ കഴിയുന്നുണ്ടായിരുന്നു വീടുകളുടെ

# ജ്വാല....

പലഭാഗങ്ങളും ഇടിഞ്ഞ് തകർന്നിരിക്കുന്നു. എവിടെയും മാലിന്യങ്ങളുടെ ഒരു കുമ്പാരം തന്നെ പുഴകളിലാകെ പ്ലാസ്റ്റിക് മാലിന്യങ്ങൾ. വമനസ്സിനെ വളരെ അധികം വേദനിപ്പിക്കുന്ന കാഴ്ചകളായിരുന്നു. ഇവയെല്ലാം. കഴിഞ്ഞുപോയ ദിവസങ്ങളെ പറ്റിയുള്ള പലരുടേയും സംഭാഷണം ഞാൻ ബസ്സിലിരുന്നു കേൾക്കുന്നുണ്ടായിരുന്നു. ഇങ്ങനെ ഒരു നീണ്ട യാത്രയ്ക്ക് ശേഷംഞങ്ങൾ കറ്റേട് എന്ന സ്ഥലത്തെ നിക്കോൾസൺ സിറിയൻ ഗേൾസ്ഹയർസെക്കണ്ടറി സ്കൂളിൽ എത്തിചേർന്നു.

തികച്ചും ഒരു പുതുമയാർന്നകാഴ്ചതന്നെയായി

രുന്നു ആ സ്കൂൾ. എന്തിനെക്കാളുമൊക്കെ എന്നെ ആ സ്കൂൾ ആകർഷിച്ചത് അവിടുത്തെ പ്രകൃതി സൗന്ദര്യം തന്നെയായിരുന്നു.മെയ്ൻ ഗേറ്റിലൂടെ അകത്തേക്ക് കയറുമ്പോൾ നീളത്തിൽ വീതി കുറഞ്ഞ നടപ്പാത. ഇരുവശ

ങ്ങളിലും പച്ചപ്പും തണലും മാത്രം. അനേകം വൃഷക്ഷങ്ങളും ചെടികളും.

ഇടയ്ക്കൊക്കെ വിശ്രമിക്കാനായി ഒരോതട്ടുകളായി കെട്ടിയിട്ടിരിക്കുന്നു.

എങ്ങും നിശബ്ദമായിരുന്നതിനാൽ മരത്തിലിരിക്കുന്ന കിളികളുടെ കരച്ചിലിൽ മാത്രം ഞാൻ കാതുകോർത്തു. നടന്ന് മുമ്പോട്ട് ചെല്ലുമ്പോൾ

വലതുവശത്തായി ഒരു വലിയ കൂടാരം പോലെ വൃത്താകൃതിയിൽ പണി

ഞ്ഞിരിക്കുന്ന ആ സ്കൂൾ ആഡിറ്റോറിയം. സ്കൂളിനകത്തുതന്നെയൊരു ചാപ്പ

ൽ ഉണ്ട്.ഏകദേശം ഇരുപത്തിയഞ്ചോളം ഏക്കറിൽ പണിഞ്ഞിരിക്കുന്ന ആ സ്കൂളിന് നൂറ്റിയെട്ടോളം വർഷം പഴക്കംതന്നെയുണ്ടായിരുന്നു.പണ്ട്

# ജ്വാല....

ബ്രിട്ടീഷുകാരുടെകാലത്ത്,ബ്രിട്ടീഷ് മദാമ്മയായ Mrs:നിക്കോൾസൺ ആണ് ആ സ്കൂൾ പണികഴിപ്പിച്ചത്. ഇതൊക്കെ കേട്ടപ്പോൾ തന്നെ എനി
ക്ക് ആ സ്കൂൾ ചുറ്റിക്കാണാൻ ആകാംശയായി തുടങ്ങിയിരുന്നു. ചാപ്പലിന്
വലതുവശത്തായ് വളരെ മനോഹരമായി പണിഞ്ഞിരിക്കുന്ന നാലുകെട്ടി
ന്റെ കെട്ടിടങ്ങൾ. കെട്ടിടത്തിന് നടുവിലായി ഒരു ആമ്പൽക്കുളം, ഇതു
പോലെയൊന്നു മറുവശത്തും കാണാം. ചുറ്റും നീളത്തിൽ കെട്ടിയിട്ടിരുക്കു
ന്ന വരാന്ത.ഓടുകൾ മേഞ്ഞ മേൽക്കൂര.വരാന്തയുടെ പലഭാഗത്തായി കെട്ടി
യിട്ടിരിക്കുന്ന അലമാരകൾ നിറയെ പുസ്തകങ്ങൾ. ആമ്പൽകുളത്തിന് ചുറ്റും ചെറിയ പച്ചപ്പുല്ലുകൾ. ചുറ്റും പലവർണ്ണത്തിലുള്ള പുഷ്പങ്ങൾ വിടർന്നു നിൽക്കുന്ന ചെടികൾ. കെട്ടിടത്തിന് വലതുവശത്തായി വിശാലമായി
പണിഞ്ഞിരിക്കുന്ന ഒരു മെസ്സ് ഹാൾ. മാതാപിതാക്കൾ പറഞ്ഞു കേട്ടിട്ടു
ള്ള ആ പഴയകാല ഓർമ്മയിലേക്ക് ഒന്നു തിരിഞ്ഞ് നോക്കാൻ അപ്പോൾ
എനിക്ക് ആഗ്രഹം തോന്നി. ഇന്നത്തെ തലമുറയ്ക്ക് ഇതൊക്കെ നഷ്ടപ്പെട്ടു
പോയ, അല്ലെങ്കിൽ അടയ്ക്കപ്പെട്ടുപ്പോയ ഒരിക്കലും തുറക്കപ്പെടാൻ കൂട്ടാകാത്ത വാതായനങ്ങളാണെന്ന് എനിക്ക് തോന്നുന്നു.

അങ്ങനെ നല്ല നല്ല ക്ലാസുകളും, കളികളും,അങ്ങനെ ഓർത്തു വെയ്ക്കാൻ പറ്റിയ അനേകം അനുഭവങ്ങളും

# ജ്വാല....

നൽകികൊണ്ട് ആ മൂന്നുദിവസത്തെ ക്യാമ്പ് എങ്ങനെ അവസാനിച്ചുവെന്ന് എനിക്ക് ഓർക്കാൻ കഴിയുന്നില്ല, ദുഃഖങ്ങളുള്ള വാക്കുന്നതും അനേകം സന്തോഷം പകരുന്നതുമായ ഒരുപാട് അനുഭവങ്ങളും,ഓർമ്മകളും, കാഴ്ചകളും എനിക്ക് സമ്മാനിച്ചിരുന്നു.ഈ പഠനക്യാമ്പിനു വേണ്ടി തിരിച്ച എന്റെ സ്കൂൾ മുതൽ തിരുവല്ല വരെയുള്ള ആ യാത്രയിൽ നാം അനുഭവിക്കുന്നതല്ല ദുഃഖമെന്നും അല്ലെങ്കിൽ യഥാർത്ഥ സന്തോഷമെന്നുമുള്ള ജീവിതത്തിന്റെ നേരിയ പാഠങ്ങൾ എനിക്ക് ഈ യാത്രയുടെ വെളിച്ചത്തിൽ മനസ്സിലാക്കാൻ സാധിച്ചു. ജീവിതത്തെ വ്യത്യാസ്ത കാഴ്ചപ്പാടിലൂടെ നോക്കികാണാൻ ഈ ക്യാമ്പ് എന്നെ പ്രാപ്തയാക്കി.

# ഓർമ്മക്കായി



ജെസ്സി ബിജു

9:സി

ഒരിക്കലും മറക്കാത്ത ഓർമ്മയൊായ്
എൻ മനതാരിൽ തെളിയുന്ന
നിൻ മുഖം മിന്നിമറയുന്നു
എന്നുമെൻ വിറകൊളും ഹൃദയത്തിൽ

ഓർമ്മിക്കും ഞാനെന്നും
മാധുര്യമാർന്ന നിൻ ചെയ്തികൾ
ഓരോന്നോരോന്നായി തെളിയുന്നു
ഒരായിരം താരപ്രഭപ്പോലെ

ഗദ്ഗതൊ ചിന്തയായിയോതി ഞാൻ
വേർപാട് വേദനാജനകമെന്ന്
അനുഭവത്തിലൂടെയറിഞ്ഞു ഞാൻ
വിധി എന്നിലേൽപ്പിച്ച മുറിപ്പാടുകൾ

ഓർമ്മകൾ ഓളങ്ങളുതിറക്കും

# ജ്വാല....

പുഴാവക്കത്തിരുന്നു ഞാൻ തേങ്ങളി
വരില്ലെ സോദരീയൻചാരേ
പറയാം നമുക്ക് വിശേഷങ്ങൾ

ജിവിതയാത്രയാം  വീഥിയിൽ
ചിറകറ്റ ശലഭമായ് പറന്നകന്നു
സ്വർഗമാം ഭവനത്തിലാദ്യമായ്
നിലകൊള്ളും ഹൃദയത്തിൽ തേങ്ങൾപോലെ

അന്ത്യനിമിഷങ്ങളോർത്തുപോയ്
ചിറകറ്റകുടുംബത്തെയോർത്തുപോയ്
ഒരിയ്ക്കലും വരാത്ത നിന്നാത്മ
ശാന്തിയ്ക്കായ് പ്രാർത്ഥിപ്പൂഞാൻ

ഒരമ്മപെറ്റ മക്കളെപോൽ
ഓരത്തിരുന്നു ഓതിതന്നു
ഓർക്കാനുണ്ട് ഒത്തിരികാര്യങ്ങൾ
എന്നാത്മാവിൽ വിലാപം മാറ്റുവാൻ

പ്രിയസഖി നമ്മുക്കു കണ്ടുമുട്ടാൻ

# ജ്വാല....

വരുമൊരുനാൾ നമുക്കായ്
സതീർത്ഥ്യസ്നേഹം പങ്കുവയ്ക്കാം
മറക്കില്ല ഞാൻ മരിക്കുവോളം

## ആധുനിക സമൂഹത്തിൽ സ്ത്രീ സുരക്ഷയോ ?





ദേവു കൃഷ്ണൻ
9 C

സ്ത്രീ അമ്മയാണ്, സഹോദരിയാണ്,മകളാണ് എല്ലാമാണ്.ഇതായിരുന്നു പഴയ കാലഘട്ടത്തിൽ സ്ത്രീയുടെ അല്ലെങ്കിൽ സ്ത്രീയെക്കുറിച്ചുള്ള കാഴ്ചപ്പാട്.എന്നാൽ ഇന്നത്തെ ആധുനികതയിൽ ഈ സ്ഥാനങ്ങളെല്ലാം മറയപ്പെട്ടു എന്ന് പറയാം. പുരുഷനോടൊപ്പംതന്നെ സ്ത്രീയിക്കും സ്ഥാനം തുല്യമാണെന്ന് പറയുന്നെങ്കിലും പലയിടത്തും ഇതിന്റെ വലുപ്പചെറുപ്പം നമുക്ക് കാണാൻ സാധിക്കും. ആധുനിക സമൂഹത്തിൽ സ്ത്രീ സുരക്ഷിതയോ എന്ന ചോദ്യം നാം നമ്മോടുതന്നെ ചോദിക്കുകയാണെങ്കിൽ അല്ലെന്നുതന്നെ നമുക്ക് തീർച്ചയാക്കി പറയാവുന്ന ഒരു സാഹചര്യമാണ് ഇന്നത്തെ സമൂഹത്തിൽ ആളുകൾ നമുക്ക് കാണിച്ചുതരുന്നത്.

അമ്മ,സഹോദരി,മകൾ എന്നീ പദങ്ങളുടെ മൂല്യംതന്നെ സ്ത്രീയെ ചൂഷണം ചെയ്ത് ഓരോരുത്തരും

# ജ്വാല....

നശിപ്പിച്ചുകൊണ്ടിരിക്കുന്നത്.അമ്മയെ മകൻ വെട്ടിക്കൊല്ലുന്നു, സഹോദരി സഹോദരനാൽ പീഡിപ്പിക്കപ്പെടുന്നു. ഇങ്ങനെ ഓരോ ദിവസവും നിരവധി വാർത്തകളാണ് ചുറ്റുവട്ടത്തും മാധ്യമങ്ങളിലൂടെനീളമായി നാം കേൾക്കുന്നത്.ഡൽഹി പീഡനക്കേസ് നമ്മളെ ഓരോരുത്തരേയും ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമാണ്. “ഓടിക്കൊണ്ടിരിക്കുന്ന ബസിൽ പെൺകുട്ടി പീഡിപ്പിക്കപ്പെട്ടു.” പണ്ട് ഇതെല്ലാം സിനിമയിലും മറ്റ് കേൾവിയുള്ള ഒന്നായിരുന്നു .എന്നാൽ ഇന്ന് ഇത് സർവ സാധാരണമായ ഒരു സംഭവമായി മാറി കഴിഞ്ഞിരിക്കുന്നു.പണ്ട് ഇങ്ങനെയുള്ള വാർത്തകൾ കേൾക്കുമ്പോൾ നാം ആശ്ചര്യപ്പെട്ടുമായിരുന്നു.എന്നാൽ ഇന്ന് ഒരു ദിവസംതന്നെ പലതവണ കേൾക്കുന്ന ഒരു സംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു.ഡൽഹി പീഡനക്കേസിനോട് അനുബന്ധിച്ച് പല തരത്തിലുള്ള പ്രതിഷേധസമരങ്ങളും മറ്റും നടന്നു. വിദ്യാർത്ഥികൾ, മാതാപിതാകൾ എല്ലാവരും ഈ സംഭവങ്ങൾ മറന്നുതുടങ്ങി എന്നുതന്നെ പറയാം. ഗവണ്മെന്റിന്റെ നിരവതി സുരക്ഷാ പദ്ധതികൾ ജനങ്ങൾക്ക് മുമ്പിൽ നിരത്തി അവയിൽ ചിലത് നടത്തി.എന്നാൽ എന്ത് ഗുണം ? വീണ്ടും ഡൽഹിയിൽ പീഡനക്കേസുകളുടെ പ്രവാഹമാണ് നമുക്ക് മാധ്യമങ്ങളിലൂടെയും മറ്റും ദർശിക്കാനായത്. “ദേവിയായും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഐശ്വര്യമായും” എല്ലാം കാണപ്പെട്ടുകൊണ്ടിരുന്ന സ്ത്രീ എത്രമാത്രം സമൂഹത്തിന്റെ മുന്നിൽ താഴ്ത്തപ്പെടുന്നു.അവഹേളിക്കപ്പെടുന്നു എന്ന് ഇന്നത്തെ സമൂഹത്തിലെ ഓരോ സംഭവങ്ങളും നമ്മളെ ഓർമ്മിപ്പിക്കുന്നു.

# വെള്ളം ഇനി തിന്നാം





.എസ്.എസ്

വൈഷ്ണവ്

9 C

റോഡ്രിഗോ ഗാർസിയ ഗോൺസാൽവസ് ലണ്ടനിലെ ഇമ്പീരിയൽ കോളെജിലെ ബിരുദ വിദ്യാർത്ഥിയായിരുന്നു. തെരുവിലും മറ്റും ഉപേക്ഷിക്കപ്പെട്ട് കിടക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ കാണുമ്പോൾ ഗോൺസാൽവസിന് വിഷമം തോന്നും. പ്ലാസ്റ്റിക് ഉണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ച് ഗോൺസാൽവസിന് അറിയാം . ഇതിന് പരിഹാരം എന്ന നിലയ്ക്ക് തെരുവിൽ നിന്ന് ഒഴിഞ്ഞ കുപ്പികൾ ശേഖരിച്ച് പ്ലാസ്റ്റിക് കുപ്പികൾ ചേർത്ത് രൂപങ്ങൾ ഉണ്ടാക്കി കുപ്പിവെള്ളത്തിനെതിരെ ബോധവത്കരണം നടത്തി. പക്ഷേ ഇത് പ്ലാസ്റ്റിക് കുപ്പി വെള്ള ഉപയോഗത്തിന് ശാശ്വത പരിഹാരമല്ല എന്ന് തിരിച്ചറിഞ്ഞതോടെ ഗോൺസാൽവസും കൂട്ടുകാരും പ്ലാസ്റ്റിക് കുപ്പികൾ ഒഴിവാക്കി വെള്ളം കുടിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു.

ഈ ആലോചനകൾക്കിടയിലാണ് കോഴിമുട്ടക്കുള്ളിലെ നേരിയ പാട (membrane) ശ്രദ്ധയിൽപ്പെടുന്നത്. ഓറഞ്ചിലെ അല്ലികളെ പൊതിയുന്ന പാടയും ഇതുപോലെ ശ്രദ്ധയിൽ വന്നു. പ്രകൃതിയുടെ ഈ എഞ്ചിനിയറിങ് വിദ്യ അനുകരിച്ച്(biomimicry)കുപ്പി ഒഴിവാക്കിയുള്ള

വെള്ളം കുടി യാഥാർത്ഥ്യമാക്കാമെന്ന് ഗോൺസാൽവസിന് മനസ്സിലാക്കി.ഉടനെ ആശയം പ്രായോഗികമാക്കുവാനുള്ള പരീക്ഷണങ്ങൾതുടങ്ങി 1942 ൽ യുണിലിവർ കമ്പനി കണ്ടുപിടിച്ചതും പിന്നീട് സ്പാനിഷ് പാചകവിദഗ്ധൻ ഫെറാൻ ആഡ്രിയ പ്രചരത്തിലാക്കിയതും ആയഎന്ന പ്രക്രിയ ഉപയോഗിച്ച് ഗോൺ സാൽവസും കൂട്ടുകാരും തിന്നുന്ന വെള്ളം (edible water) ഉണ്ടാക്കി.സോഡിയം ആൾ ജിനേറ്റും (sodium alginate) കാൽസ്യം ലാക്ലേറ്റും (calcium lactate) ഉപയോച്ചാണ് ഗോളാകൃതിയിൽ തിന്നുന്ന വെള്ളം ഉണ്ടാക്കിയതത്. മിശ്രിതങ്ങൾ ചേരുമ്പോൾ ഉണ്ടാവുന്ന രാസപ്രവർത്തനത്തിന്റെ ഫലമായി ഗോളാകൃതിയിലുള്ള വെള്ളത്തിന്റെ മുകളിൽ പാട membrane രൂപപ്പെടുക യും വായിൽ വെച്ച് കടിച്ച് വെള്ളം കുടിക്കുകയുംമാവാം. പാടയും ഭക്ഷിക്കാവുന്നതാണ്.

പാചകത്തിന് ഉപയോിക്കുന്ന രാസപദാർത്ഥങ്ങൾ ശരീരത്തിന് ദോഷകരവുമല്ല. അങ്ങനെ പ്ലാസ്റ്റിക് ഒവിവാക്കിയുള്ള വെള്ളം കുടി യാഥാർത്ഥ്യമായി. ഗോൺസാൽവസിന്റെയും കൂട്ടുകാരടെയും കണ്ടു പിടുത്തം ലോകശ്രദ്ധ പിടിച്ചുപറ്റി. 2014 ലെ Lexus design അവാർഡും ഇവരുടെ ടീമിന് ലഭിച്ചു.വ്യാവസായിക അടിസ്ഥാനത്തിനൽ തിന്നുന്ന വെള്ളം ഉത്പാദിപ്പിക്കുന്ന കമ്പിനിയും രൂപവത്കരിച്ചു."Ooho edible water " എന്നാണ് ഉത്പന്നത്തിന്റെ പേര്.

ശാസ്ത്രത്തിന്റെ സഹായത്താലാണ് പ്ലാസ്റ്റിക് കുപ്പി എന്ന വിപത്ത് മനുഷ്യൻ സൃഷ്ടിച്ചത്. മനുഷ്യൻ വീണ്ടുവിചാരം കൂടാതെ

## ജ്വാല....

സൃഷ്ടിക്കുന്ന വിപത്തുകളിൽ നിന്നും രക്ഷനേടാൻ പ്രകൃതിയിലേക്ക് നോക്കിയാൽ മതിയാകും.ശരിയായ മാർഗം പ്രകൃതി കാണിച്ച് തരും. ഗോൺസാൽവസിനെ പോലെ പ്രകൃതിയെ നിരീക്ഷിക്കണമെന്നന്ന മാത്രം.

## നിഴലിന്റെ കരങ്ങൾ




നന്ദന ഹിരൻ
9 A


നേരം ഒരുപാടായി വരാന്തയുടെ ഒഴിഞ്ഞ അങ്കണത്തിൽ ഇരിക്കുകയായിരുന്നു ദേവൻ.അണപൊട്ടിയ ദുഃഖത്തിന്റെ നിഴലുകൾ ദേവന്റെ മുകത്തെ വിഴുങ്ങിയിരിക്കുന്നു.അശാന്തമായിരുന്നു അയാളുടെ മനസ്സ്.തന്റെ ജീവിതാനുഭവങ്ങൾ ഒരു പാഠപുസ്തമാക്കി ദേവൻ മാറ്റികഴിഞ്ഞിരുന്നു.കാറ്റിൽ പാറി കളിക്കുന്ന കരിയില പോലെ ദേവന്റെ ജീവിതം ഇഴഞ്ഞു തീരുകയാണ്.

"അമ്മേ,ജീവിതത്തിൽ എല്ലായെപ്പോഴും സന്തോഷവാനായിരിക്കാൻ ഒരാൾക്ക് കഴിയുമോ?"ദേവൻ അമ്മ ശാരദയോട് ചോദിച്ചു."ഇല്ല മോനെ നമ്മുടെ ജീവിതം ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും മിശ്രിതമാണ്."എന്റെ ജീവിതം എന്താണ് അമ്മേ

# ജ്വാല....

ഇങ്ങനെ.......?ഓരോരുത്തരുടെയും ജീവിത തലങ്ങൾ വ്യത്യസ്തമാണ് അമ്മ പറഞ്ഞു. ഇത്രയും പറഞ്ഞ് അമ്മ കയറി പോയി. പിന്നെയും തന്റെ ചിന്തകൾക്ക് ദേവൻ അറുതിവരുത്തിയില്ല.തന്നിൽ ഒളിഞ്ഞുകിടക്കുന്ന ആ കഴിവ് തിരിച്ചറിഞ്ഞിരുന്നില്ല.അധികമാർക്കും ലഭിക്കാത്ത പാടാനുള്ള കഴിവ് ദേവനുണ്ട്.എപ്പോഴെങ്കിലും ദുഃഖം ദേവന്റെ മനസ്സിനെ വേട്ടയാടുകയാണെങ്കിൽ,അവൻ സംഗീതം കൊണ്ട് ആ ദുഃഖത്തെ തോൽപ്പിക്കും.

സംഗീതത്തിന്റെ വിസ്മയലോകം ദേവനു തുറന്നുകിട്ടി.ആരോ വിരൾ മീട്ടുന്ന സംഗീതത്തിന്റെ അത്ഭുതലോകത്ത് അവന് വല്ലാത്ത ഒരു നിർവൃതി അനുഭവപ്പെട്ടു .ചെറുപ്പത്തിലെ പിതാവിനെ നഷ്ടപ്പെട്ട ദേവന് എല്ലാം അമ്മയായിരുന്നു.അമ്മയോടുള്ള അസ്തമിക്കാത്ത സ്നേഹം ദേവൻ തിരിച്ചറിഞ്ഞു.

പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിനില്ക്കുമ്പോഴും ദേവന്റെ മനസ്സ് അശാന്തമായിരുന്നു.അവന്റെ മനസ്സിൽ എല്ലായെപ്പോഴും സംശയങ്ങളായിരുന്നു. ആ സംശയങ്ങൾക്ക് എല്ലാമുള്ള ഉത്തരസൂചിക അവന്റെ അമ്മയായിരുന്നു.

ഒരിക്കൽ ദേവൻ അമ്മയോട് ചോദിച്ച്"അമ്മേ സംഗീതത്തിന്റെ വിസ്മയലോകം എനിക്കു തുറന്നുകിട്ടിയത് എന്തുകൊണ്ടാണ് ?"

" നിനക്ക് പാടാനുള്ള കഴിവ് ഉള്ളതുകൊണ്ട് "അമ്മ പറഞ്ഞു. പക്ഷേ ആ കഴിവ് എന്തുകൊണ്ട് എനിക്ക് തിരിച്ചറിയാനാകുന്നില്ല?

# ജ്വാല....

മറ്റുള്ളവർ എന്റെ ഗാനങ്ങൾ ആസ്വദിക്കുന്നു.പക്ഷേ എനിക്കതിന് കഴിയുന്നില്ല.എന്തുകൊണ്ട് ?ദേവൻ അക്ഷമനായി ചോദിച്ചു. തന്റെ മകന്റെ ചോദ്യത്തിനു മുൻപിൽ ഉത്തരം നൽകാതെ ആ അമ്മ നിന്നു.ആ ചോദ്യത്തിന് ആ അമ്മ ഉത്തരം നൽകിയില്ല.അമ്മ പോയികഴിഞ്ഞ് ദേവൻ ചിന്തിച്ചു. "ഏതൊരു കാര്യത്തിലുമുള്ള എന്റെ എല്ലാ സംശയങ്ങൾക്ക് ഉത്തരം നൽകുന്ന അമ്മ എന്തുകൊണ്ട് ഈ ചോദ്യത്തിന് ഉത്തരം നൽകിയില്ല........"അവൻ ഒരു തത്വചിന്തകനെപോലെ ചിന്തിച്ചു.അവസാനം ആ ചോദ്യത്തിനുള്ള ഉത്തരം അവൻ തന്നെ കണ്ടെത്തി.തന്റെ മനസ്സിന് സംഗീതത്തോട് പ്രിയമില്ലാത്തതുകൊണ്ട്,സംഗീതത്തിന്റെ വിസ്മയ തലങ്ങൾ അറിയാത്തതുകൊണ്ട്.പിന്നീടവൻ സംഗീതത്തെ സ്നേഹിച്ചുകൊണ്ട്, ശ്രുതി താളമധുരം ഒത്തിണക്കി പാടാൻ തുടങ്ങി.

കാലങ്ങൾ കടന്നുപോയി.വൃശ്ചിക കാറ്റിന്റെ ഇലകൊഴിയുന്ന കാലത്തിന്റെ വേരുകൾ മറഞ്ഞ്,വേനൽകാലത്തിന്റെ കൊടും ചൂടിലേക്ക് നീങ്ങുന്നു.ദേവൻ ഇപ്പോൾ ലോകം അറിയുന്ന സംഗീതജ്ഞനായി.പെട്ടെന്ന് ഒരു ദിവസം ദേവൻ ആ വാർത്തയറിഞ്ഞു,തന്നെ പ്രശസ്തിയുടെ കൊടുമുടിയിലേക്ക് കൈപിടിച്ച് ഉയർത്തിയ അമ്മ മരിച്ചു.ദേവൻ നിശ്ചലനായി.കർമ്മങ്ങൾ എല്ലാം കഴിഞ്ഞ് എല്ലാവരും പോയി കഴിഞ്ഞപ്പോൾ ദേവൻ ഈശ്വരനോടു പറഞ്ഞു."ദൈവമെ,ഈ ഭൂമിയിൽനിന്ന് എന്നെയും നീ തുടച്ചുനീക്കിയാലും അല്ലെങ്കിൽ ഏകാഗ്രതയുടെ അനശ്വരതയുടെ മറവിലേക്ക് എന്നെ മടക്കി അയച്ചാലും"പക്ഷേ.........

ജ്വാല....

ആ ഒരു പക്ഷേ ദേവനു ആവശ്യമുള്ളതല്ലായിരുന്നു. അമ്മയുടെ സ്നേഹത്തോളം വരുന്നതല്ല മറ്റെല്ലാം എന്ന് ദേവൻ തിരിച്ചറിഞ്ഞത് വേർപ്പാട് കഴിഞ്ഞപ്പോഴാണ്.ഒരു വിധവയ്ക്ക് സമൂഹത്തിൽ നേരിടേണ്ടി വന്ന എല്ലാ

അപരാധങ്ങളുംസഹിച്ച്,പതറാതെ മുന്നോട്ട് ജീവിച്ച്,മകനെ വളർത്തി.ഒരു മരത്തിനെ ഈ ഭൂമിയിൽ നിലനിർത്തുന്നത് വേരുകളാണ്,ആ വേരുകൾ അറ്റുപോയാൽ.......അതുപോലെ തന്നെയാണ് വേരുകൾ അറ്റുപോയ ആ വൻമരം വീണത്.മരണത്തിന്റെ അഗാധകളിലേക്ക് മടങ്ങി.അമ്മയുടെ കൂട്ടായി വിരഹ ശ്രുതി മീട്ടാൻ...

ഏതോ വഴിയിൽ മറന്നുവച്ച വരികൾ ചുണ്ടോടു ചേർത്ത ദേവൻ ഇന്ന് മരിച്ചു കഴിഞ്ഞിരിക്കുന്നു.വേനലിന്റെ ചൂട് മാറി,പിന്നെയും ഒരു ശിശിര കാലം വന്നെത്തി.ആരും നോക്കാതെ ആ ശിശിരകാലം തനിച്ച് വിസ്മയം തീർത്തു കൊണ്ടിരുന്നു.അങ്ങനെ അങ്ങനെ ഒരു കടൽപോല....



ജിബിൻ ബേബി
9 A

## സമയത്തിന്റെ സദുപയോഗം



സമയത്തിന്റെ ഗതി യാതൊരു തടസ്സവും കൂടാതെ

# ജ്വാല....

കുതിച്ചുകൊണ്ടിരിക്കുന്നു.സമയത്തിനനുസരിച്ച് ആവിശവും ഉചിതവുമായ കാര്യങ്ങൾ ചെയ്യുക എന്നതാണ് സമയത്തിന്റെ സദുപയോഗത്തിലൂടെ അർത്ഥമാക്കുന്നത്.കഴിഞ്ഞുപോയ സമയം ഒരിക്കലും കൈയിൽ തിരികെ വരുകയില്ല.അതിനാൽ ഓരോ വ്യക്തിയും സമയത്തെ നല്ല രീതിയിൽ ഉപയോഗിക്കേണ്ടതാണ്.

സമയത്തിന്റെ സദുപയോഗം കൊണ്ട് അനേകം നേട്ട ങ്ങളുണ്ട്.അധഃപതിച്ചവരെ ഉന്നതരാക്കാനുള്ള ശക്തി സമയത്തി നുണ്ട്.അത് ദരിദ്രരെ സമ്പന്നരാക്കുകയും ദുർബലരെ പ്രബലരാക്കുകയും ചെയ്യുന്നു. ഇപ്രകാരം സമയത്തിന്റെ സദുപയോഗത്തിലൂടെ മനുഷ്യന് ശാ രീരികവും ബുദ്ധിപരവും മാനസീകവുമായ വികാസം ഉണ്ടാകുന്നു.ഇംഗ്ലീഷ് നാടകകൃത്തായ ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട് "ഞാൻ സമയത്തെ നഷ്ട പ്പെടുത്തി,ഇപ്പോൾ സമയം എന്നെ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നു." സമ യത്തെ നല്ല രീതിയിൽ വിനിയോഗിക്കുന്ന രാഷ്ട്രം ഉന്നതിയുടെ കൊടു മുടിൽ എത്തുന്നു.ആധുനിക യുഗത്തിൽ സമയത്തെ ആശ്രയിച്ചാണ് എല്ലാ പ്രവർത്തനങ്ങളും നടക്കുന്നത്.വിദ്യാഭ്യാസജീവിതം ജ്ഞാനം ആർജ്ജി ക്കുന്നതിനുള്ള സമയമാണ്.തുടക്കം മുതൽ തന്നെ വിദ്യാർത്ഥികൾ സമ യത്തിന്റെ സദുപയോഗത്തെ കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. അല്ലെങ്കിൽ പശ്ചാത്തപിക്കേണ്ടിവരും സമയത്തെ നല്ല രീതിയിൽ വിനിയോഗിക്കുന്നതിനായി നാം ഒരു ദിനചര്യ ഉണ്ടാക്കി അതനുസരിച്ച് ജീവിക്കേണ്ടതാണ്.

ഹിന്ദിയിലെ മഹാനായ കവി കബീർദാസ് പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ് "നാളെ ചെയ്യാനുള്ള കാര്യം ഇന്നുതന്നെ ചെയ്യുക". സമയത്തെ ദുരുപയോഗപ്പെടുത്തിയാൽ ജീവിതത്തിൽ സന്തോഷമില്ലാ തായിതീരുന്നു.ഇതിലൂടെ സമൂഹത്തിൽ നിന്ദാപാത്രമായിതീരുന്നു. അതിനാൽ ജീവിതത്തിൽ സമയത്തെ നല്ല രീതിയിൽ വിനിയോ

# ജ്വാല....

ഗിക്കണ്ടതാണ്.സമയത്തെ നല്ല രീതിയിൽ വിനിയോഗിക്കുന്ന മാനവരിലൂടെ സമൂഹത്തിനും രാഷ്ട്രത്തിനും ഉയർച്ചയുണ്ടാകുന്നു. അതിനാൽ നാം അലസതവെടിഞ്ഞ് സമയത്തിന്റെ സദുപയോഗം ചെയ്യുന്നത് ഒരു വ്രതമാക്കിമാറ്റേണ്ടതാണ്.ഇതിലൂലെ നമ്മുടെ ആത്മവിശ്വാസം വർദ്ധിക്കുകയും മനസ്സിന് ശാന്തി ലഭിക്കുകയും ആർദശങ്ങൾ പവിത്രമായിത്തീരുകയും ചെയ്യുന്നു.ഇപ്രകാരം ചെയ്യുന്ന മനുഷ്യന് ജീവിതത്തിൽ സുഖവും ശാന്തിയും ലഭിക്കുന്നു.

ഏതോരു മനുഷ്യനാണോ സമയത്തെ നല്ല രീതിയിൽ വിനിയോഗിക്കുന്നത് അയാൾ പ്രതിഭാസമ്പന്നനായി ത്തിരുന്നു.ഇതിലൂടെ സമൂഹത്തിനും ദേശത്തിനും പുരോഗതി ഉണ്ടാകും. പാശ്ചാത്യരാജ്യങ്ങൾ സമയത്തിന്റെ മഹത്ത്വത്തെ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. അതിനാൽ അവർ ജീവിതത്തിന്റെ ഓരോ മേഖലയിലും പൂർണത നേടിയിട്ടുണ്ട്.

# ചില നവോത്ഥാന ചിന്തകൾ



ക്രിസ്റ്റി അലക്സ്ആൻണ്ടർ
കൈറ്റ് മിസ്ട്രസ്

കാലത്തിന്റ ഗതിയിൽ മനുഷ്യധിഷണയ്ക്കുണ്ടായ പുത്തൻ വെളിച്ചത്തിന്റ ബഹിർസ്ഫുരണങ്ങളാണ് നവോത്ഥാനം എന്ന പേരിൽ അറിയപ്പെടുന്നത്. ഇരുണ്ടയുഗത്തിൽ ആഴ്ന്നുകിടന്ന മനുഷ്യരാശിയെ ആധുനികലോകത്തിലേക്ക് വിളിച്ചുണർത്തിയത് നവോത്ഥാന വീക്ഷണങ്ങളായിരുന്നു. ലോകചരിത്രത്തെ തന്നെ നവോത്ഥാനത്തിന് മുൻപും പിൻപും എന്ന് രണ്ടായി വേർതിരിക്കാറുണ്ട്.

അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്ക് മാനവസമൂഹത്തെ നയിച്ച ഈ ബൗദ്ധിക വിസ്ഫോടനത്തന് മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഘലകളിലും അടിമുടി മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു. മനുഷ്യരാശി അന്നുവരെ പിന്തുടർന്നുപോന്ന എല്ലാ ചിന്തകളുടേയും ഒരു പൊളിച്ചെഴുത്താണ് ഉണ്ടായത്.

ശാസ്ത്ര രംഗത്ത് നവോത്ഥാനഫലമായി പുത്തൻ പരീക്ഷണ നിരീക്ഷണങ്ങൾ നടക്കുകയും മനുഷ്യജീവിതം കൂടുതൽ അനായാസമാകുന്ന കണ്ടുപിടുത്തങ്ങളിലേക്ക് വഴിതെളിക്കുകയും ചെയ്തു. സാമൂഹിക സാംസ്കാരിക രംഗത്ത് ലോകജനതയ്ക്ക് പുതിയ ദിശാബോധം നൽകുകയും ധാർമികതയും സദാചാരമൂല്യങ്ങളും കൂടുതൽ മനുഷ്യത്ത്വ

പൂർണ്ണമാകാൻ ഇടനൽകുകയും ചെയ്തു.

പാശ്ചാത്യലോകത്ത് അന്നുവരെ നിലനിന്നിരുന്ന വരേണ്യ വർഗ്ഗത്തിന് സർവാധിപത്ത്യം ഉള്ള സാമൂഹ്യ വ്യവസ്ഥിതിക്ക് മാറ്റം കൊണ്ടുവരാൻ നവോത്ഥാനത്തിന് കഴിഞ്ഞു. നവീകരണത്തിലൂടെ ക്രൈസ്തവലോകത്തെ പരമ്പരാഗത ചിന്തകളും അധികാര സ്ഥാനങ്ങളും ചോദ്യം ചെയ്യപ്പെട്ടു.ബൈബിൾ കേന്ദ്രീകൃതമായ ആശയങ്ങളിലൂടെ വിശ്വാസാചാരങ്ങളെപ്പറ്റി പുനർവ്യാഖ്യാനം നടത്തി സഭാശുദ്ധീകരണം നടത്തി എന്ന് അവകാശപ്പെടുകയാണുണ്ടായത്.

പാശ്ചാത്യ നവോത്ഥാനത്തിന്റെ പ്രകമ്പനങ്ങൾ ഏറ്റുവാങ്ങികൊണ്ട് ഇന്ത്യയിൽ നവോത്ഥാനാശയങ്ങളുടെ വ്യാപനത്തിന് നേതൃത്യം കൊടുത്തത് രാജാറാം മോഹൻ റോയിയെപ്പോലുള്ള സാമൂഹിക പരിഷ്കർത്താക്കൾ ആയിരുന്നു. ടാഗോറിനെപ്പോലെയും ചന്ദോപാധ്യയയെപ്പോലുള്ള സാഹിത്യകാരൻമാർ അവരുടെ സാമൂഹിക ഉത്തരവാദിത്ത്വം മനസ്സിലാക്കിക്കൊണ്ട് നവോത്ഥാനത്തിന്റെ വെളിച്ചം ഇന്തയിൽ പരത്താൻ സ്വന്തം രചനകളെ മാധ്യമമാക്കി. വിശ്വാസ സാഹിത്യകാരനായ ഇംഗ്ലീഷ് കവി പി. ബി ഷെല്ലി പറഞ്ഞിട്ടുള്ളത് കവികൾ ലോകത്തിലെ അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത നിയമനിർമ്മാതാക്കളാണെന്നാണ്. സാമൂഹ്യപുനസൃഷ്ടി നടത്തുന്നതിൽ സാഹിത്യകാരൻമാരുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ് .

കേരളത്തിൽ സാമൂഹ്യ നവോത്ഥാനത്തിന് നേതൃത്വം നൽകിയത് ചട്ടമ്പിസ്വാമികൾ ,വക്കം മൗലവി , കുര്യാക്കോസ്, എലിയാസ് ചാവറ തുടങ്ങിയ നേതാക്കളായിരുന്നു. വി.ടി യുടെ ഭട്ടതിരിപ്പാട്, കുമാരനാശാൻ തുടങ്ങിയ സാഹിത്യകാരൻ മാർ തങ്ങളുടെ കൃതികളിലൂടെ കേരളത്തിലെ സാമൂഹിക നവേത്ഥാനത്തിന് മഹത്തായ സംഭാവനകൾ നൽകി. വി. ടി

ജ്വാല....

യുടെ അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന കൃതി ബ്രാന്മണ്യത്തിന്റെ ജീർണ്ണതകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ശക്തമായ പുനർവിചിന്തനങ്ങക്ക് ആഹ്വാനം ചെയ്തു.

കേരളത്തിന്റ നവോത്ഥാന മനസ്സ് രൂപപ്പെടുത്തിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ച സാഹിത്യലോകത്തിന്റെ നിരുത്തരവാദപരമായ മൗനം സമകാലിക കേരളസമൂഹം അകപ്പെട്ടിരിക്കുന്ന സാംസ്കാരിക അധപതനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ജാതി മതലിംഗവിവേചനങ്ങൾക്കപ്പുറം മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുമ്പോൾ സാമൂഹിക നവോത്ഥാനം അതിന്റെ ലക്ഷ്യം നേടിയെന്ന് കരുതാം. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് 'എന്ന മഹത്തായ സന്ദേശം മാനവരാശിക്ക് നൽകിയ ശ്രീനാരായണഗുരുവിന് ജന്മം നൽകിയ കേരളസമൂഹത്തിന് തീർച്ചയായും സാധിക്കും ധ്രുവീകരണത്തിന്റെ ഭീഷണിയിൽനിന്നും കരകയറാൻ സാധിക്കു. ഭാരത നവോത്ഥാനത്തിന് ഉജ്വല സംഭാവനകൾ നൽകിയ ശ്രീ വിവേകാനന്ദസ്വാമികൾ കേരളസമൂഹത്തിന് നേരേ അഴിച്ചുവിട്ട വിമർശനക്കൊടുങ്കാറ്റിന്റെ അലകൾ ഇന്നും അടങ്ങിയിട്ടില്ല.

ഓരൊ കേരളീയനും തന്റെ ഉള്ളിലെ വെളിച്ചത്തെ തിരിച്ചറിയുകയും ഭിന്നിപ്പിന്റെ ശക്തികളെ അകറ്റി നിർത്താനുള്ള പക്വതയാർജിക്കുകയും ചെയ്യുമ്പോൾ കേരളമണ്ണ് ശാന്തമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും നല്ല പാഠങ്ങൾ ഇന്ത്യയ്ക്ക് പകർന്നു നൽകിയ കേരളജനത തങ്ങളുടെ സ്വത്വം വീണ്ടെടുക്കുകതന്നെ ചെയ്യും. നവമാധ്യമങ്ങൾ നമ്മുടെ സമൂഹത്തിന്റെ വളർച്ചയെ സഹായിച്ചിട്ടുണ്ടെങ്കിൽ തന്നെയും സമൂഹമനസ്സിൽ അവയുണ്ടാക്കിയ മറ്റു മാറ്റങ്ങൾ പറയാതിരിക്കാനാവില്ല. ഉത്തരാധുനിക കേരളം സാങ്കേതിക വിദ്യ സൃഷ്ടിച്ച മറ്റൊരു ഇരുണ്ടയുഗത്തിലേക്ക് പോവുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നേരിട്ടുള്ള സംവാദങ്ങളെക്കാൾ

# ജ്വാല....

നവമാധ്യമങ്ങൾ വഴിയുള്ള ആശയവിനിമയം നടക്കുന്ന ഈ കാലത്ത് മനുഷ്യമനസ്സ് സ്വാർത്ഥകേന്ദ്രീകൃതവും സങ്കുചിതവുമായ ചിന്താഗതികളാൽ ഇരുണ്ടിരിക്കുന്നു. മറ്റൊരു നവോത്ഥാനത്തിന്റെ ആവശ്യത്തിലേക്കാണ് ഈ സാഹചര്യങ്ങൾ മനുഷ്യസമൂഹത്തെ നയിക്കുന്നത്.

# അധ്യാപനം എന്ന കല



ഷൈനി.എൽ
കൈറ്റ് മിസ്ട്രസ്

"വിദ്യാലയത്തിൽനിന്ന് പഠിച്ചതെല്ലാം മറന്നു കഴിയുമ്പോഴും വിദ്യാർഥിയിൽ അവശേഷിക്കുന്നതാണ് യതാർഥ വിദ്യാഭ്യാസം" ആൽബർട്ട് ഐൻസ്റ്റിൻ. അധ്യാപകന്റെ മൂലധനമാണ് വിപുലമായ വായന.അനുഭവങ്ങൾ തേടിയുള്ളയാത്രയാണ് അധ്യാപനം. അധ്യാപകന്റെ ശബ്ദത്തിൽ ആശയത്തിന്റെ മുഴക്കം വേണം,ഒപ്പം ചിന്തയുടെ അടിയൊഴുക്കും.

പാഠ്യപദ്ധതിയിൽ ഇല്ലാത്തത് പഠിപ്പിച്ച അധ്യാപകനാണ് തന്നെ അധ്യാപകനാകാൻ പ്രേരിപ്പിച്ചതെന്നും, അധ്യാപനം ഒരു സ്നേഹപ്രകടനമാണെന്നും കെ.പി.അപ്പൻ അവകാശപ്പെട്ടിട്ടുണ്ട്.കുട്ടികളെ സ്വഭാവരൂപീകരണത്തിന് സഹായിച്ചില്ലെങ്കിൽ അധ്യാപകനംകൊണ്ട് ഒരു പ്രയോജനവും ഇല്ല. ഡോക്ടർ ശരീരത്തെ ചികിത്സിക്കുമ്പോൾ അധ്യാപകൻ മനസ്സിനെ ചികിത്സിക്കുന്നു എന്ന് പറയാം.ഉത്തമനായ അധ്യാപകൻ ക്ലാസ്സിൽ വിരലുകൾ ഉയർത്തുമ്പോൾ മുഴുവൻ വിദ്യാർഥികളുടേയും മനസ്സ് അദ്ദേഹത്തിന്റെ വിരൽത്തുമ്പിലായിരിക്കും. അധ്യാപകൻ സ്വയം സ്വതന്ത്രനാവുകമാത്രമല്ല, മറ്റുള്ളവരെ സ്വതന്ത്രനാക്കുകയും ചെയ്യുന്നു.

# സ്വപ്നം ദൃശ്യവിസ്മയം



ആനി.
എ.തോമസ്
എച്ച് എസ് ടി മലയാളം

അധ്യാപിക കുട്ടികളോടു സ്വന്തം സ്വപ്നങ്ങളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കാൻ ആവശ്യപ്പെട്ടു കൃഷികാരന്റെ മകൻ ഏഴു പേജുള്ള റിപ്പോർട്ടുമായി വന്നു 200 ഏകർ സ്ഥലത്തെ വലിയ വീടും മറ്റ് അനുബന്ധ വിവരങ്ങളും വായിച്ചു നോക്കിയ അധ്യാപിക ജയിക്കാനുള്ള ഗ്രയിടുമാത്രം ക്കൊണ്ടിത്തിട്ടു പറഞ്ഞു കുറച്ചുക്കൂടി പ്രായോഗിക ബുദ്ധിയോടെ നിലവിലുള്ള നിലവാരം ആലോച്ചിച്ച് തിരുത്തിയെഴുത്തിയാൽ ഞാൻ മാർക്കും തിരുത്താം. ഒരാഴ്ച കഴിഞ്ഞ് കുട്ടി തന്റെ സ്വപ്നത്തിൽ ഒര്രുമാറ്റവും വരുത്താതെ ടീച്ചറോട് വന്നു പറഞ്ഞു. ടീച്ചർ എന്റെ മാർക്ക് തിരുത്തേണ്ട കാരണം ഞാൻ എന്റെ സ്വപ്നം തിരുത്തുന്നില്ല.

വർഷങ്ങൾക്കുശേഷം അതേ സ്കൂളിലെ എല്ലാ കാർഷികപഠനങ്ങൾ നടക്കുന്നത് അവന്റെ 200 ഏക്കറിലാണ്.ബഹുനില വീട്ടിൽ ടീച്ചറിന്റെ കുറിപ്പും ഉണ്ട്.അഭിനന്ദനങ്ങൾ;നിന്റെ സ്വപ്നങ്ങൾ തിരുത്താതിരുന്നതിന്.

ഉപബോധ മനസ്സിന്റെ ഉപജീവന മാർഗ്ഗമല്ല സ്വപ്നം.അവ ഉറങ്ങുന്ന സമയത്തു മാത്രം രൂപം കൊള്ളേണ്ടവയുമല്ല.ബോധമനസ്സിൽ കുടിയിരിക്കുന്ന പ്രജോധനാത്മക ചിന്തകളുടെയും ആഗ്രഹങ്ങളുടെയും ഫലമായി പിറവിയെടുക്കുന്ന ദൃശ്യവിസ്മയമാകണം. ഓരോരുത്തരുടെയും


സ്വപ്നങ്ങൾ.

സ്വന്തം സ്വപ്നങ്ങളുടെ കവലാളാകണം ഇല്ലെങ്കിൽ അത് മറ്റുള്ളവർ തകർത്തുകളയും. ഒരാളുടെ സ്വപ്നങ്ങളെ ഇടിച്ചുതാഴ്ത്താനും എളുപ്പം.അവയ്ക്കു ചിറകു മുളപ്പിക്കാനാണ് ബുദ്ധിമുട്ട്.

എല്ലാ സ്വപ്നപദ്ധതികളും ചില നിബന്ധനകൾക്കുവിധയമായിരിക്കണം.ഓരോ സ്വപ്നവും ഒരു ദീർഘദൂരയാത്രയാകണം.താൽകാലിക നേട്ടങ്ങൾക്കായി വലിയ ലക്ഷ്യങ്ങൾക്കായി കുരുതികൊടുത്തവരാണ് പിന്നിട് കാലചക്രം തിരിക്കുന്നവർ....

# ചിത്രജ്ജാലകം....






ആഷിൻ.എ.തോമസ്

റിഥാ ഫാത്തിമ






ശ്രീകുട്ടി.എ.അർ

അക്ഷയ.വി.നായർ






സോണിയ അതുൽ

ജ്വാല....

# എ.എം.എം.എച്.എസ് ക്യാമറാകണ്ണുകളിലൂടെ









# ജ്വാല....









# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
# 2018-2019



# നന്ദി

ഈ അദ്ധ്യായന വർഷത്തിൽ ഓർമ്മയുടെ നറുമുത്തുകൾ കോർത്തിണക്കി അക്ഷരങ്ങൾക്ക് നിറം പകർന്ന് ഈ സർഗ്ഗസൃഷ്ടിക്ക് ചേതന പകരുവാൻ സഹായിച്ച ഹെഡ്മാസ്റ്റർ കെ.ജീ.തോമസ് സാർ,ലിറ്റിൽ കൈറ്റ് മിസ്ട്രസ്മാർ,എഡിറ്റോറിയൽ അംഗങ്ങൾ സാങ്കേതിക സൗകര്യങ്ങൾ നൽകിയവർക്കും ഹൃദയം നിറഞ്ഞ നന്ദി.

എഡിറ്റോറിയൽ ബോർഡ്